# അഭിഷേകനാടകം

(ഭാഷ)

ഗ്രന്ഥകൎത്താ

വള്ളത്തോൾ നാരായണമേനോൻ.

---

പ്രകാശകൻ

കുളക്കുന്നത്തു ശങ്കരമേനോൻ

---

ബി. വി. ബുക്കഡിപ്പോ,
തിരുവനന്തപുരം.

[പകൎപ്പവകാശം]

രണ്ടാംപതിപ്പ് കാപ്പി-൧൦൦൦.

"കമലാലയപ്രസ്സ്"
തിരുവനന്തപുരം.

1101.

Digitized By Kerala Sahitya Akademi

# അഭിഷേകനാടകം

(ഭാഷ)

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ.

പ്രകാശകൻ

കുളക്കുന്നത്തു ശങ്കരമേനോൻ

ബി. വി. ബുക്കഡിപ്പോ,
തിരുവനന്തപുരം.

[പകർപ്പവകാശം]

രണ്ടാംപതിപ്പ് കാപ്പി-൫൦൦.

"കമലാലയപ്രസ്സ്"
തിരുവനന്തപുരം.

1101.

Digitized By Kerala Sahitya Akademi

# അഭിഷേകനാടകം

(ഭാഷ)

---

## ഒന്നാമങ്കം

---

[നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.]

സൂത്രധാരൻ:—

പോരാടിക്കൗശികാത്മജക്രതുമുട-
ക്കുന്നോരെയാർ കൊന്നിതോ;
വീറാളുന്ന വിരാധദൂഷണഖര-
ക്കാരന്തകപ്രായനായ്;
ആരേകീ മുക്തി ഗർവ്വോൽക്കടത്തിയ കബ-
ന്ധന്നും കപിപ്രൗഢന്നും;
നേരേ കാക്കണമാദ്ദശാനനകുല-
പ്രോന്മർദ്ദനൻ നിങ്ങളെ! ൧

ഞാൻ സഭാവാസികളോട് ഇപ്രകാരം അറിയിക്കട്ടെ. (പുറത്തേക്കു നോക്കിയിട്ട്) എന്ത്, ഞാൻ അറിയിക്കാൻ തുടങ്ങിയപ്പോൾ എന്താണൊരു ശബ്ദം കേൾക്കുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

സുഗ്രീവ, ഇവിടെ, ഇവിടെ.

പാരിപാർശ്വികൻ:—(പ്രവേശിച്ച്) അങ്ങുന്നേ,

സ്വയംകനപ്പെട്ടെ,വിടത്തിൽനിന്നടി-
ച്ചുയർന്നിടുന്നൂ ചെവികീറുമീരവം:
കടുത്തകാററിൽ ദിവി ഘോരമായല-
ഞ്ഞിടഞ്ഞകാറിൻെറയിരമ്പൽപോലവേ? ൨

Digitized By Kerala Sahitya Akademi

സൂത്രധാരൻ:—മാരിഷ, തനിയ്ക്കു മനസ്സിലായില്ലയോ? ഇതാ സീതാപഹരണം നിമിത്തം സന്തപ്തനായി രഘുകുലപ്രദീപമായി സർവ്വലോകങ്ങൾക്കും നയനാഭിരാമനായിരിക്കുന്ന രാമനും, ഭാര്യയും നാടും പോയ സർവ്വവാനരർക്ഷരാജാവായ സുവിപുലമഹാഗ്രീവൻ സുഗ്രീവനും, പരസ്പരം സഹായിക്കാമെന്നു പ്രതിജ്ഞചെയ്തതിന്നുശേഷം, വാനരപ്പെരുമാളും ഹേമമാലിയുമായ ബാലിയെ നിഗ്രഹിക്കുന്നതിന്നുള്ള ഒരുക്കം തുടങ്ങിയിരിക്കുന്നു. അതിനാൽ ഇതാ,

വന്നെത്തി, രാമലക്ഷ്മണ-
രിന്നേരം നാടുപോയ രവിസുതനെ
വീണ്ടും വാഴിപ്പതിന്നായ്:
വിണ്ണിൻപെരുമാളെ വിഷ്ണുശിവർപോലെ. ൩

(രണ്ടുപേരും പോയി.)

സ്ഥാപന കഴിഞ്ഞു.

[പിന്നെ രാമനും ലക്ഷ്മണനും സുഗ്രീവനും ഹനുമാനും പ്രവേശിക്കുന്നു]

രാമൻ:—സുഗ്രീവ, ഇവിടെ, ഇവിടെ.

എന്നമ്പുകൊണ്ടുടൽ പിളൎന്നു തകൎത്തിടാനിം
നിൻവൈരിയെപ്രസഭമൂഴിയിൽ വീഴ്ത്തുവൻ ഞാൻ;
രാജൻ, ഭയംവെടിയുകെൻ നികടസ്ഥിതൻ നീ;
നീകണ്ടു ബാലിയെയിവൻ യുധി കൊന്നതായ്ത്താൻ ൪

സുഗ്രീവൻ:—തിരുമേനി, ഇവിടുത്തെ പ്രസാദത്താൽ എനിയ്ക്കു വാനവന്മാരുടെ രാജ്യംപോലും ലഭിച്ചേക്കാം; എന്നിട്ടാണോ വാനരന്മാരുടെ! എന്തെന്നാൽ,

Digitized By Kerala Sahitya Akademi

പോരും ശ്രീധര, ബാലിനെഞ്ചു പിളരാൻ,
കില്ലിവല്ലനിക്കി,ന്നു വൻ-
പേറും കാട്ടിലെഴും ഹിമാദ്രിമുടിപോ-
ലുള്ളേഴുസാലങ്ങളെ
കീറി, ക്ഷോണിതലത്തിലാണ്ടുരുജവാൽ
പാതാളലോകത്തുചെ-
ന്നേറി,സ്സിന്ധുവിൽ മുങ്ങി, വീര, തിരിയെ
താൻവന്നൊരീ നിൻശരം! ൭

ഹനുമാൻ:—

ഭയമഴലിവവിട്ടൊഴിഞ്ഞുഞങ്ങൾ-
ക്കരച, ഭവാനരുൾചെയ്ത വാക്കിനാൽത്താൻ;
കരിമുകിലെതിരാം മലയ്ക്കെഴുന്ന-
ള്ളുക രഘുവീര, ജയം കപിയ്ക്കു നൽകാൻ! ൮

(എല്ലാവരും ചുററിനടക്കുന്നു.)

ലക്ഷ്മണൻ:—ആര്യ്യ, വനപ്രദേശത്തിന്റെ സ്നിഗ്ദ്ധതയാൽ, ഇവിടം കിഷ്കിന്ധയായിരിക്കണം.

സുഗ്രീവൻ:—ശരിയാണ് കുമാരൻ പറഞ്ഞതു്.

എത്തിക്കഴിഞ്ഞു, ഹരിവര്യ്യഭുജങ്ങൾ കാക്കും
കിഷ്കിന്ധയിൽ ക്ഷിതിപ, നിൻ ഭുജഗുപ്തർ ഞങ്ങൾ;
നിൽക്കൂ ഭവാൻ, മലകുലുങ്ങി മയങ്ങിയുള്ളോ-
ന്നാക്കട്ടെ മാനുഷജഗത്താരലർച്ചയാൽ ഞാൻ! ൯

രാമൻ:—അങ്ങനെയാകട്ടെ, ചെല്ലൂ.

സുഗ്രീവൻ:—തിരുമേനിയുടെ കല്പനപോലെ. (ചുററിനടന്നിട്ട്) ഹേ,

ഒരു തെററുമെന്നിയെ വിഭോ,
തിരുമേനി പരിത്യജിച്ച സുഗ്രീവൻ

Digitized By Kerala Sahitya Akademi

പരിചോടടരിൽത്തവപദ-
പരിചരണം ചെയ്യുവാൻ കൊതിയ്ക്കുന്നു. വ്യ

[അണിയറയിൽ]

എന്തെന്ത്, സുഗ്രീവൻ എന്നോ?

(പിന്നെയും ബാലിയും, ബാലിയുടെ വസ്ത്രം പിടിച്ചുകൊണ്ടു താരയും പ്രവേശിക്കുന്നു)

ബാലി:—എന്തെന്ത്, സുഗ്രീവൻ എന്നോ?

താരേ, വരാംഗി, വിട്ടുകെന്നുടയാട; വാട്ടം
താവുന്ന കൺമുഖമൊടെന്തിനു നിന്നൊരുക്കം?
ചിക്കന്നു മെയ്യിൽ മുഴുവൻ ചുടുചോരവാർന്നാ-
സ്സുഗ്രീവനിന്നടരിൽ വീഴ്‌വതു കണ്ടുകൊൾക! ൻ

താര:—മഹാരാജാവു പ്രസാദിക്കണേ! പ്രസാദിക്കണേ! ചില്ലറസ്സംഗതികൊണ്ടായിരിക്കില്ല, സുഗ്രീവൻ വന്നിരിക്കുന്നത്. അതിനാൽ മന്ത്രിമാരുമായി ആലോചിച്ചിട്ടു വേണം എഴുന്നള്ളാൻ.

ബാലി:—ഛീ,

മരുത്പാനാകട്ടെ മതിമുഖി, മദീയപ്രതിഭട-
ന്നൊരാലംബം; ദീപ്യൽപരശുശിവനാകട്ടെയഥവാ;
സ്ഫുരൽപാഥോജാക്ഷൻമധുമഥനനാകട്ടെ;മതിയാ-
സ്സുരാ നേരേവന്നൊന്നടർ പൊരുതുവാനെന്നൊടു

[ദ്രുഘം. ൧൦

താര:—മഹാരാജാവു പ്രസാദിക്കണേ! പ്രസാദിക്കണേ! ഇയ്യുള്ളവരിൽ തിരുവുള്ളമുണ്ടാകണം.

ബാലി:—എന്റെ പരാക്രമം കേട്ടുകൊൾക:

താരേ, പണ്ടമൃതിന്നു പാൽക്കടൽകട-
ഞ്ഞീടുന്ന ഘട്ടത്തിലും
ചാരേചെന്നുസുരാസുരപ്പരിഷയെ-
പ്പാർത്തുൽസ്മിതം ചെയ്തുഞാൻ

Digitized By Kerala Sahitya Akademi

പാരംകണ്ണുരുട്ടിച്ചുപോയ പടുമെ-
യ്യൊക്കും ഫണിശ്രേഷ്ഠനെ
സൈരംചുററിവലിച്ചിടുന്ന വലിക-
ണ്ടാശ്ചര്യമാണ്ടാരവർ! ൧൧

താര:—പ്രസാദിക്കണേ, മഹാരാജാവു പ്രസാദിക്കണേ!

ബാലി:—ശരി, നീ എന്റെ ചൊല്പടിക്കു നില്ക്കുക. അകത്തേയ്ക്കു പൊയ്ക്കൊൾക.

താര:—ഇതാ, ഭാഗ്യംകെട്ട ഞാൻ പൊയ്ക്കൊള്ളയാം. (പോയി)

ബാലി:—കൊള്ളാം, താര അകത്തേയ്ക്കു പോയി. ഇനി ഞാൻ സുഗ്രീവനെ ഭഗ്നഗ്രീവനാക്കിയേയ്ക്കാം. (വേഗത്തിൽ അടുത്തുചെന്നിട്ട്) സുഗ്രീവ, നിൽക്ക നിൽക്ക.

സുരപതിയാകട്ടേ തവ
ശരണം പ്രഭു കൈടഭാരിയാകട്ടേ;
അയി, മമ കണ്ണിലണഞ്ഞി-
ട്ടുയിരോടേ നീ തിരിച്ചുപോകില്ല! ൧൨

ഇവിടെ, ഇവിടെ.

സുഗ്രീവൻ:—മഹാരാജാവിന്റെ കല്പനപോലെ.

(ഇരുവരും ദ്വന്ദ്വയുദ്ധം ചെയ്യുന്നു)

രാമൻ:—ഇതാ, ഇതാ, ബാലി,

പാരം ചൊടി കടിച്ചു കണ്ണിണ കടു-
ത്തു ചോർച്ചു, ക-
യ്യൂറപ്പൊട്ടു ചുരുട്ടിയുൽപ്രകടദം-
ഷ്ട്രനായ് മർക്കടൻ
കരാളരവമാർത്തുകൊണ്ടടരിലു-
ല്ലസിക്കുന്നു: പാ-
രെരിപ്പതിനൊരുമ്പെട്ടും പ്രളയപാ-
വകൻ പോലവേ. ൧൩

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ:—ജ്യേഷ്ഠ, സുഗ്രീവനേയും നോക്കുക.
വിരിഞ്ഞൊരല്ലിത്താരൊട്ടു കിടപെട്ടും
കണ്ണുകൾ തുട-
ത്ത, രിപ്പൊങ്കേയൂരം തടവിന ബൃഹ-
ത്താം ഭുജവുമായ്,
കരങ്ങിൻ ശീലത്താൽ ഗുരുവൈയവമാ-
നിച്ചനഘർതൻ
ചരിത്രത്തെത്തള്ളി,ക്കപിവരനോടേ-
ല്ക്കുന്ന രഭസാൽ. ൧൪

ബാലിയുടെ പ്രഹരമേററിട്ടു സുഗ്രീവൻ വീണുപോയി.

ഹനൂമാൻ:—അയ്യോ, കഷ്ടം! (സാംഭ്രമത്തോടെ രാമന്റെ അടുക്കൽ ചെന്നിട്ട്) തിരുമേനി ജയിച്ചാലും! ഇതാ, ഇദ്ദേഹത്തിന്റെ സ്ഥിതി:
ബലവാനാകുന്ന കപി-
ത്തലവൻ; മത്സ്വാമി ദുർബലനമത്രേ;
നിലയും ശപഥവുമെല്ലാം
നലമോടാര്യൻ നിനയ്ക്കണമേ! ൧൫

രാമൻ:—ഹനൂമാനേ, പരിഭ്രമിക്കേണ്ടാ, പരിഭ്രമിക്കേണ്ടാ. ഇതാ, കഴിച്ചേയ്ക്കാം. [അമ്പയച്ചിട്ട്] ഹാ, ബാലി വീണു പോയി.

ലക്ഷ്മണൻ:—ഇതാ, ഇതാ, ബാലി
ഉടലിൽ നിണമിണങ്ങി,ച്ചെന്നിറക്കൺമയങ്ങി,-
ക്കഠിനപൃഥുഭുജാഢ്യൻ കാലനൂർ പൂകുവാനായ്,
കൊടിയ കണ തറച്ചിട്ടുഗ്രശോപാപ്ലോയ തന്മെ-
യ്യിടർ തടവിയിഴച്ചുംകൊണ്ടു വീഴുന്നു ധീരം! ൧൬

ബാലി:—[മോഹാലസ്യപ്പെട്ടു, വീണ്ടും ആശ്വസിച്ചു, ശരത്തിന്മേൽ ഉള്ള പേർ വായിച്ചു രാമനോടായിട്ട്]

Digitized By Kerala Sahitya Akademi

ഹേ രാമ, നന്ദ നിയതം മുറ തള്ളിയെന്നെ-
പ്പോരിൽച്ചതിച്ചതു, നരേന്ദ്രനയസ്ഥനായ്ത്താൻ
പാരിൽച്ചതിപ്പതിനിയകാറിവിടാൻ മുതിന്ന
വീരൻ ഭവാൻ കിമപി ധർമ്മവിചാരമെന്യേ! ൧൩

ഛീ, കഷ്ടം!

വളരെസ്സുകുമാരരൂപനാ-
യിളയിൽ കീർത്തിയുമാണ്ടുഴം ഭവാൻ
കളവായ്ക്കണയെന്നിലെയ്തിയാ-
ലുളവാക്കീ വലുതാമകീർത്തിയെ. ൧൪

അല്ലയോ രാഘവ, മരവുരിയുടുത്തു വേഷത്തിനെതിരായ സ്വഭാവംപൂണ്ടിരിക്കുന്ന അങ്ങേയ്ക്ക് എന്നെ, അനുജനോടു പോരാടുന്നതിനിടയിൽ, മറഞ്ഞുനിന്നു വധിച്ചതു് അധർമ്മമായിപ്പോയി.

രാമൻ:—എന്തു്, മറഞ്ഞുനിന്നു വധിച്ചതു് അധർമ്മമായി എന്നോ?

ബാലി:—എന്തു സംശയം?

രാമൻ:—അങ്ങിനെയല്ല; ആലോചിച്ചുനോക്കൂ!

വലവെച്ചുമൊളിച്ചുനിന്നുമേ
കൊലചെയ്യാം നിയതം മൃഗങ്ങളെ
ഒളിവിൽകൃതദണ്ഡനായി നീ
മൃഗവും വധ്യനുമാകകൊണ്ടു താൻ! ൧൫

ബാലി:—ഞാൻ മൃഗവും വധ്യനുമാണെന്നാണോ, അങ്ങു വിചാരിക്കുന്നതു്?

രാമൻ:—എന്തു സംശയം?

ബാലി:—എന്തുകൊണ്ടു്?

Digitized By Kerala Sahitya Akademi

രാമൻ:—അഗമ്യാഗമനംകൊണ്ടു്. ഇതു ഞങ്ങളുടെ ധൎമ്മമാണു്.

ബാലി:—ശരി, തരക്കേടില്ല!

ധൎമ്മാധൎമ്മവിവേകം
ധാരാളമറിയുന്ന വാനരേന്ദ്രൻ നീ,
താനൊരു മൃഗമെന്നെണ്ണി
ഭ്രാതാവിൻഭാൎയ്യയെഗ്ഗ്രഹിക്കാമോ? ൧൦

ബാലി:—ഭ്രാതൃഭാൎയ്യാഗമനദോഷം ഞങ്ങൾ രണ്ടുപേൎക്കും ഒരുപോലെയിരിക്കെ, എന്നെ മാത്രമല്ലേ ശിക്ഷിച്ചുള്ളു? സുഗ്രീവനെ ശിക്ഷിച്ചില്ലല്ലോ!

രാമൻ:—ശിക്ഷാർഹനായതുകൊണ്ടു നിന്നെ ശിക്ഷിച്ചു; ശിക്ഷാർഹനല്ലാത്തവനെ ശിക്ഷിക്കാറില്ലല്ലോ.

ബാലി:—സുഗ്രീവൻ തീണ്ടിനാൻ ജ്യേഷ്ഠ-
നാകുമെൻ ധൎമ്മപത്നിയെ;
തദ്ദാരസ്പൎശനാൽ ഞാനെ-
ന്തേട്ടരാഘവ ദണ്ഡ്യനായ്? ൧൧

രാമൻ:—ജ്യേഷ്ഠൻ അനുജന്റെ ഭാൎയ്യയെ ഒരിക്കലും തൊട്ടുകൂടാ.

ബാലി:—അയ്യോ, ഞങ്ങൾക്കിവിധി മൎയ്യാദയില്ല. ഇവിടുന്നു ശിക്ഷിച്ചതുകൊണ്ടു് എന്റെ പാപം നീങ്ങിയല്ലോ?

രാമൻ:—അങ്ങിനെയാവട്ടെ.

സുഗ്രീവൻ:—ഹാ, കഷ്ടം!

ഹസ്തീന്ദ്രയാന, ഗജഹസ്തസമം, സപത്ന-
ശസ്ത്രക്ഷതാംഗദയുതം തവ ബാഹുയുഗ്മം
ശുഷ്കം നിലത്തു കപിവൎയ്യ, കിടപ്പതായ്ക്ക-
ണ്ടുൾത്തടത്തിനിക്കഹഹ,പൊട്ടിവിഴുംപടിക്കായ്! ൧൨

Digitized By Kerala Sahitya Akademi

ബാലി:—സുഗ്രീവ, വ്യസനിക്കേണ്ടാ, വ്യസനിക്കേണ്ടാ. ഇങ്ങനെയാണ് ലോകധൎമ്മം.

(അണിയറയിൽ)

അയ്യോ, അയ്യോ, മഹാരാജാവ്!

ബാലി:—സുഗ്രീവ, സ്ത്രീകളെ വിലക്കു, വിലക്കു. ഈ നിലയിൽ എന്നെ കാണേണ്ട.

സുഗ്രീവൻ:—മഹാരാജാവിന്റെ കല്പനപോലെ. ഹനൂമാനേ, ഇങ്ങിനെ ചെയ്യുക.

ഹനൂമാൻ:—കൊച്ചുതമ്പുരാൻ കല്പിക്കുന്നതുപോലെ.

(പോയി)

(പിന്നെ അംഗദനും ഹനൂമാനും പ്രവേശിക്കുന്നു)

ഹനൂമാൻ:—അംഗദ ഇതിലെ ഇതിലെ.

അംഗദൻ:—മൃതിയാണ്ടു കപിവൃജങ്ങൾ തൻ
പതിയാമെൻഗുരുവെന്നു കേൾക്കയാൽ
മതിതാപസമേതനാമെനി-
ക്കതിയായ്ക്കാലിടറുന്നു യാത്രയിൽ. ൨൩

ഹനൂമാനെ, മഹാരാജാവ് എവിടെയാണ്?

ഹനൂമാൻ:—ഇതാ, മഹാരാജാവ്

ശരത്താൽ മാറിടംകീറി
നിലത്തായ് വിലസുന്നതേ
കുമാരനുടെ വേലേററ
മഹാക്രൗഞ്ചാദ്രിപോലവേ. ൨൪

അംഗദൻ:—(അടുത്തുചെന്ന്) ഹാ, മഹാരാജാവേ

അതുലസുഖമൊടല്ലോ പള്ളികൊണ്ടുവോൻ മു-
ന്പി;തുപൊഴുതുടൽ മാന്ദ്യംപൂണ്ടു മണ്ണിൽ കിടപ്പായ്

Digitized By Kerala Sahitya Akademi

ശരാവർഭളിതം മെയ് വിട്ടുഭാവിക്കയാണോ
ഹരിപരിവൃഢം, വീരസ്വർഗ്ഗമേറുന്നതിന്നായ്. ൨൭
(നിലത്തു വീഴുന്നു)

ബാലി:—അംഗദ, വ്യസനിക്കേണ്ടാ, വ്യസനിക്കേണ്ടാ. ഹേ സുഗ്രീവ,

മറന്നുഞാൻചെയ്തതുവിസ്മരിച്ചു,ക-
ക്കറപ്പുകൈക്കൊണ്ടിട്ടു ഗൃഹീതധർമ്മനായ്
ശരിയ്ക്കുകൈക്കൊള്ളുകനമ്മുടതൻകുല-
ക്കരുന്നിനെക്കീശകലേശരൻ ഭവാൻ. ൨൮

സുഗ്രീവൻ:—മഹാരാജാവിന്റെ കല്പനപോലെ.

ബാലി:—അല്ലയോ രാഘവ, വല്ല തെററും വന്നാൽ ഇവരിരുവരുടേയും വാനരചാപല്യം ഇവിടുന്നു ക്ഷമിക്കണം.

രാമൻ:—അങ്ങിനെതന്നെ.

ബാലി:—സുഗ്രീവ, നമ്മുടെ കലധനമായിരിക്കുന്ന സ്വർണ്ണമാല വാങ്ങിക്കൊൾക.

സുഗ്രീ:—ഞാൻ അനുഗൃഹീതനായി (വാങ്ങുന്നു)

ബാലി:—ഹനൂമാനേ, കുറെ വെള്ളം.

ഹനൂ:—കല്പനപോലെ (പോയി പ്രവേശിച്ച്) ഇതാ വെള്ളം.

ബാലി:—(ആചമനം ചെയ്തിട്ട്) പ്രാണൻ എന്നെ വിടുന്നതായി തോന്നുന്നു. ഇതാ, ഗംഗ തുടങ്ങിയ മഹാനദികളും, ഇതാ, ഉർവ്വശി മുതലായ അപ്സരസ്ത്രീകളും എന്റെ അടുക്കലേയ്ക്കു വരുന്നു. ഇതാ, കാലൻ അയച്ച ആയിരം അരയന്നങ്ങളെ പൂട്ടിയിട്ടുള്ള വീരവിമാനം എന്നെ കൊണ്ടുപോവാൻ വന്നിരിക്കുന്നു. അതുകട്ടെ; ഇതാ; ഇതാ, ഞാൻ വരുന്നു. (സ്വർഗ്ഗം പ്രാപിക്കുന്നു.)

Digitized By Kerala Sahitya Akademi

എല്ലാവരും:—ഹാ, ഹാ, മഹാരാജാവേ!
രാമൻ:—അഹോ, ബാലി സ്വർഗ്ഗം പ്രാപിച്ചുകഴിഞ്ഞു. സുഗ്രീവ, ഇദ്ദേഹത്തിൻെറ സംസ്കാരം കഴിക്കുക.
സുഗ്രീവൻ:—തിരുമേനി ആജ്ഞാപിക്കുന്നതുപോലെ.
രാമൻ:—ലക്ഷ്മണ, സുഗ്രീവൻെറ അഭിഷേകം നടത്തുക.
ലക്ഷ്മണൻ:—ജ്യേഷ്ഠൻെറ ആജ്ഞപോലെ.
(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

———— :p: ————

# രണ്ടാമങ്കം

(പിന്നെ കകുഭൻ പ്രവേശിക്കുന്നു)
കകുഭൻ:—കാര്യം സാധിച്ചു കൂട്ടത്തിലായതിനാൽ, വാനരയൂഥപന്മാരെല്ലാം ഭക്ഷണത്തിന്നൊരുങ്ങുകയാണു്. അതിനാൽ ഞാനും സ്വല്പം ഭക്ഷണം കഴിച്ചുകളയാം.
(അപ്രകാരം ചെയ്യുന്നു.)
(പിന്നെ ബിലമുഖൻ പ്രവേശിക്കുന്നു.)
ബിലമുഖൻ:—എന്നെ സുഗ്രീവമഹാരാജാവു കല്പിച്ചയച്ചിരിക്കയാണു്—രാമൻതിരുമേനി ചെയ്ത ഉപകാരത്തിനു പ്രത്യുപകാരമായി, സീതയെ അന്വേഷിപ്പാൻ എല്ലാ ദിക്കുകളിലേയ്ക്കും അയയ്ക്കപ്പെട്ടിരുന്ന വാനരന്മാരെല്ലാം തിരിച്ചെത്തിയിരിക്കുന്നു. അതിൽ തെക്കേദിക്കിലേയ്ക്കുപോയിരിക്കുന്ന അംഗദനുണ്ണിയുടെ വർത്തമാനം അറിഞ്ഞുവേഗത്തിൽവരിക എന്നു്. കൊച്ചു

Digitized By Kerala Sahitya Akademi

തമ്പുരാൻ എഴുന്നെള്ളി? (ചാറിമന്നു നോക്കിയിട്ട്) ഇതാ, കകുഭനങ്ങുന്ന്, ഇദ്ദേഹത്തോടു ചോദിക്കാം. (അടുത്തുചെന്നിട്ട്) ആയ്യൻ കുശലമല്ലയോ?

കകുഭൻ:—ബിലമുഖനോ? താൻ എവിടുന്നു വരുന്നു?

ബിലമുഖൻ:—അങ്ങുന്നേ, മഹാരാജാവു് അരുളിച്ചെയ്തതിനാൽ അംഗദകുമാരനെ അന്വേഷിപ്പാൻ വന്നതാണ് ഞാൻ.

കകുഭൻ:—രാമൻതിരുമേനിക്കും മഹാരാജാവിന്നും ക്ഷേമം തന്നെയല്ലേ?

ബിലമുഖൻ:—അതെ.

കകുഭൻ:—എന്താണു മഹാരാജാവിന്റെ അരുളപ്പാട്?

ബിലമുഖൻ:—("എന്നെ സുഗ്രീവമഹാരാജാവു്" എന്നു തുടങ്ങി മുമ്പേത്തെപ്പോലെ പറയുന്നു)

കകുഭൻ:—കാര്യം പകുതിയും സാധിച്ചുകഴിഞ്ഞതു താൻ അറിഞ്ഞില്ലയോ?

ബിലമുഖൻ:—എങ്ങിനെ, എങ്ങിനെ?

കകുഭൻ:—കേട്ടുകൊൾക:

രാമപ്രിയാകഥ ഖഗേന്ദ്രനിൽനിന്നറിഞ്ഞു,
ഭീമദ്ധിപാവൃതമഹേന്ദ്രമഹാദ്രികേറി
സാമർത്ഥ്യവീര്യനിധി മാരുതി ലങ്കപൂകാൻ
കാമംജവത്തൊടിതുനാളലയാഴി ചാടി. ൧

അതിനാൽ വരിക; നമുക്കു കൊച്ചുതമ്പുരാന്റെ തൃക്കാൽക്കൽ തന്നെ ചെന്നുകൂടാം.

(രണ്ടുപേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

——(o)——

Digitized By Kerala Sahitya Akademi

(പിന്നെ രാക്ഷസിമാരാൽ ചുററപ്പെട്ട സീത പ്രവേശിക്കുന്നു)

സീത:—ഛീ, കഷ്ടം! ഭാഗ്യംകെട്ട എന്റെ മനസ്സുറപ്പ് കേമം തന്നെ; ആര്യപുത്രനുമായിപ്പിരിഞ്ഞു രാക്ഷസഗൃഹത്തിൽ കൊണ്ടുവന്നാക്കപ്പെട്ട ഞാൻ, ഇവർ തോന്നിയപോലെ പുലമ്പുന്ന അപ്രിയങ്ങളായ നിന്ദ്യവാക്കുകളും കേട്ടുകൊണ്ടു ജീവിച്ചിരിക്കുന്നുവല്ലോ. അഥവാ, ആര്യപുത്രന്റെ ബാണത്തിന്മേലുള്ള വിശ്വാസത്തിലാണ് ഞാൻ ഒരുവിധം പ്രാണധാരണം ചെയ്യുന്നത്.

എന്തുകൊണ്ടാണിന്ന്, ആളിക്കത്തുന്ന കൊല്ലന്റെ തീക്കുഴിയിൽ വെള്ളമൊഴിക്കുന്നതുപോലെ, തെല്ലൊരു മനസ്സന്തോഷം തോന്നുന്നത്. ആര്യപുത്രൻ എന്നെക്കുറിച്ചു പ്രസാദിച്ചിരിക്കുമോ?

(പിന്നെ മോതിരവും കയ്യിൽവെച്ചു ഹനൂമാൻ പ്രവേശിക്കുന്നു.)

ഹനൂമാൻ:—[ലങ്കയിൽ കടന്നിട്ട്] അമ്മോ, രാവണഗൃഹത്തിന്റെ പണിത്തരം!

പവിഴമണിയണിസ്ഥലങ്ങളും പൊൻ-
വിവിധകമാനവുമൊത്തു ലങ്ക പാരം,
സുവിരചിതവിമാനപംക്തിയാലേ
ദിവി വലജിൽപുരിപോലെ മിന്നിടുന്നു. ൧

ആശ്ചര്യം!

ഇത്ര വമ്പിച്ച രാജശ്രീ
നേടിയിട്ടു ദശാനനൻ
കെട്ടമാർഗ്ഗപ്രിയം മൂലം
തുടങ്ങുന്നല്ലോ മുടിക്കുവാൻ! ൨

[എല്ലാടവും നടന്നിട്ട്]ഞാൻ ലങ്കയിൽ മിക്ക ദിക്കിലും നോക്കിക്കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ആരാമം, നില മച്ചു, വാനസദനം,
ശാലാവിമാനാദികൾ,
നീരാട്ടപ്പുര, രാക്ഷസേന്ദ്രഭവന-
പ്രാസാദഹർമ്മ്യവ്രജം
പോരാ, സ്ത്രീനിലയാന്തരങ്ങളിവയിൽ-
ച്ചെന്നേറി ഞാൻ നോക്കിനേ-
നാരാഞ്ഞേൻ പലവട്ടമെങ്ങു;—മിവിടെ-
ക്കാണ്മീല വൈദേഹിയെ. ൮

ഹാ, എൻെറ പ്രയത്നം വെറുതെയായി! ആകട്ടെ, ഈ മാളികയുടെ മുകളിൽ കേറിനിന്നു നോക്കാം. (അങ്ങിനെ ചെയ്തിട്ട്) എയ്, ഇതാ പ്രമദവനം. ഇതിൽ കടന്നു നോക്കുകതന്നെ. (കടന്നുനോക്കിയിട്ട്) അമ്പോ, പ്രമദവനത്തിൻെറ സമൃദ്ധി! ഇവിടമാകട്ടെ,

ഹരിമണി പവിഴം പതിച്ച പൊന്മാ-
മരനിരചേൎന്നു വിചിത്രമായ് വെടുപ്പിൽ
സുരുചിരനഗമായ് ലസിപ്പു; വാനിൽ-
സ്സുരവിഭുവിൻെറ കളിപ്പറമ്പുപോലെ. ൯

എന്നുമാത്രമല്ല,

കണ്ടേൻ കാഞ്ചനധാതു ചിത്രമൊഴുകി-
ശ്ശോഭിച്ച ശൈലങ്ങൾ ഞാൻ;
കണ്ടേൻ ഞാൻ പലജാതി നീർക്കിളികളും
മേവുന്ന പൂമ്പൊയ്കകൾ;
കണ്ടേൻ കായ്മലരെന്നുമേറിയ മര-
ത്തോപ്പൊത്ത ദേശങ്ങളും,
കണ്ടേനേവമിതൊക്കെ രാവണഗൃഹേ;
കണ്ടീല ഞാൻ സീതയെ! ൧൦

Digitized By Kerala Sahitya Akademi

എന്താണ്, ഈ സ്ഥലത്ത് ഒരു പ്രകാശംപോലെ കാണുന്നത്? അവിടെക്കൂടി നോക്കുകതന്നെ. [അങ്ങനെ ചെയ്തിട്ട്]

എയ്, ആരാണിവൾ?

പരിതോ വികൃതാംഗിമാർ നിശാ-
ചരിമാരൊത്തൊരു ചാരുമദ്ധ്യയാൾ
കരുകാറണിതൻ നടുക്കെഴും
ചെറുമിന്നൽക്കെതിരായ് ലസിപ്പതേ. ൬

ഇവൾ,

ഒന്നായ്ക്കൂട്ടിമെടഞ്ഞു കാളഫണിതൻ-
നേർകൊണ്ട വാർകൂന്തലും
നന്നായ്ക്കയ്യിലൊതുങ്ങിനിൽക്കുമരയും
പൂണ്ടോൾ, സബാഷ്പാസ്യയാൾ
തന്നാലൈകമനസ്കയാളനശനാൽ
ഗാത്രച്ചടപ്പേറവും
വന്നാളന്നോൾ, വെയിലത്തെറിഞ്ഞ നളിന-
പ്പൂമാലയോടൊക്കുമേ. ൭

എയ്, എന്താണീ ദീപപ്രകാശം? (നോക്കിയിട്ട്)
ഓ, രാവണൻ!

നന്മട്ടാറ്റു തുടുത്ത ദീർഘമിഴിയും
രത്നത്തലപ്പാവുമൊ-
ത്തുന്മത്തദ്വിപലീലയോടൊരുമദ-
ച്ചേലൊത്ത കാൽവെപ്പുമായ്,
സമ്മേളിച്ച വധൂജനങ്ങളിലിതാ
ശോഭിപ്പു രക്ഷോധിപൻ
ചെമ്മേ മാൻപിടകൾക്കിടയ്ക്കിടപെടും
പഞ്ചാസ്യനെപ്പോലവേ. ൮



Digitized By Kerala Sahitya Akademi

ഇപ്പോൾ എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായമുണ്ട്. ഈ അശോകമരത്തിന്മേൽ കേറി, പൊത്തിൽ ഒളിച്ചിരുന്ന്, വർത്തമാനം ശരിയ്ക്കറിയാം.

[അപ്രകാരം ചെയ്യുന്നു]

(പിന്നെ പരിജനങ്ങളോടുകൂടിയ രാവണൻ പ്രവേശിക്കുന്നു)

രാവണൻ:—

പോരിങ്കൽ ക്രുദ്ധദേവദ്വിപരദകലിശം
നക്കി നിന്നോരു നെഞ്ചൊ-
ത്തോ,രോ ദിവ്യായുധത്താൽ സുരദിതിജരെയോ-
ടിച്ച ലങ്കേശ്വരങ്കൽ
ചേരുന്നീല,ജ്ഞഭാവാലൊരുവനചരനാം
ക്ഷത്രിയച്ചെക്കനിൽക്രൂ-
റേറും വൈദേഹി മുഗ്ദ്ധേക്ഷണ; ഹഹ, വിധി ചെ-
യ്യുന്ന വിഘ്നപ്രയോഗം! ൧൦

(മേല്പോട്ടു നോക്കീട്ട്) ഇതാ, ഇതാ, ചന്ദ്രൻ,

സുരജതമുകരംകണക്കെ മിന്നി,-
ക്കരനിരയാൽ മമ നെഞ്ചിനെപ്പൊളുക്കി
ഉരപെരുകിയുദിച്ചിടുന്നിതാമ്പൽ-
പ്പുരമസുഹൃത്തു മൃഗാങ്കനംബരത്തിൽ. ൧൧

(ചുററിനടന്നിട്ട്) ഇതാ, സീത, മരത്തിൻെറ ചുവട്ടിൽ, ഉപവാസംകൊണ്ടു കവിളൊട്ടി ചിന്താമഗ്നയായി, സ്വദേഹത്തിൽ കടന്നുകൂടാൻ തുടങ്ങുകയോ എന്നു തോന്നുമാറ് കുചങ്ങളും വയറും മറച്ച്, ദുർദ്ദിനത്തിലകപ്പെട്ട ചന്ദ്രക്കല എന്നപോലെ, രാക്ഷസിമാരാൽ പരിവൃതയായി സ്ഥിതിചെയ്യുന്നു. ഇവൾ

പുരുസൌഖ്യവുമെന്നൊടൊപ്പമി-
പ്പെരുതാംലക്ഷ്മിയെയും വെടിഞ്ഞഹോ,

Digitized By Kerala Sahitya Akademi

ഒരു മൎത്ത്യനെയോൎത്തിരിക്കയാം
ചെറുതും പാട്ടിൽ വരുന്നതില്ലമേ. ൨൨

ഹനുമാൻ:—ഹാ മനസ്സിലായി!
നിയതമിവളാ നൃപാല-
പ്രിയസുത, രാമന്റെ പത്നി വൈദേഹി;
ഭയമൊരു സിംഹത്തെക്ക-
ണ്ടിയലിന മാൻപേടപോലെ മാഴ്കുന്നു. ൨൩

രാവണൻ:—(ഒട്ടുത്തുചെന്നിട്ടു്)
നീയുഗ്രവ്രതവിധി വിട്ടുകൊൾക സീതേ;
ശ്രീയുറ്റോടരുളിതുചെൎത്തുവെയ്ക്കുകെങ്കൽ
ആയുസ്സറ്റലർശരമാൎഗ്ഗവൃന്ത്യജിച്ചോ-
നായുള്ളാനരനെ വെടിഞ്ഞിനിസ്സുശീലേ! ൨൪

സീത:—എത്ര വിദ്ധ്വിയാണു രാവണൻ; എന്റെ ചാരിത്രശക്തിയെ അറിയുന്നില്ലല്ലോ.

ഹനുമാൻ:—(കോപത്തോടെ) അമ്പോ, രാവണന്റെ കുറുമ്പു്!
രാമന്റയൊക്കുന്നിണയു-
മാമഹാവില്ലുമസ്ത്രവും
അറിയാതെ പുലമ്പുന്നി-
തായുസ്സറ്റവനിങ്ങിതാ! ൨൫

എനിക്ക ക്രോധമടക്കുവാൻ വയ്യാ. ആകട്ടെ, ഞാൻ തന്നെ രാമൻതിരുമേനിയുടെ കാൎയ്യം നടത്തിക്കളയാം. അല്ലെങ്കിൽ,

ഞാനീരാവണനെക്കൊന്നേ
കാൎയ്യസംസിദ്ധി കൈക്കൊള്ളൂ;
അരക്കനെന്നെക്കൊന്നാലൊ
പെരുംകാൎയ്യം മുടിഞ്ഞുപോം. ൨൬

Digitized By Kerala Sahitya Akademi

രാവണൻ: —

അലസതനു, വിശിഷ്ടഗാത്രി, നീലോൽ-
പലമലർമാലയിടഞ്ഞവേണിമാററി,
സുലളിതമിഴി, ദേവി, ചേരുകുള്ളാൽ
പലമണിരത്നമണിഞ്ഞരാവണങ്കൽ! ൧൨

സീത:—ഹാ, ധമ്മം വിപരീതമാണു്: ഈ മഹാപാപി രാക്ഷസൻ ജീവിച്ചിരിയ്ക്കുന്നുവല്ലോ!

രാവണൻ: —അല്ലയോ ദേവി,

സീത: —നീ ശപിയ്ക്കപ്പെട്ടവനാണു്.

രാവണൻ:—അയ്യയ്യോ, പതിവ്രതയുടെ തേജസ്സ്!

ആരോടിന്ദ്രാദിവാനോരും
പോരിൽത്തോററിട്ടുദൈത്യരും,
ആ ഞാനിന്നമ്പരക്കുന്നു
സീതതന്നൊററവാക്കിനാൽ.

(അണിയറയിൽ)

തിരുമേനി ജയിച്ചാലും! ലങ്കേശ്വരൻ ജയിച്ചാലും! സ്വാമി ജയിച്ചാലും! മഹാരാജാവു ജയിച്ചാലും! പത്തുനാഴിക ചെന്നു. നീരാട്ടത്തിനു സമയം വൈകുന്നു. മഹാരാജാവു് ഇതിലെ, ഇതിലെ.

(രാവണനും പരിവാരങ്ങളും പോയി.)

ഹനുമാൻ:—കൊള്ളാം, രാവണൻ പോയി; രാക്ഷസിമാർ ഉറക്കവുമായി. ഈ തക്കിൽ ദേവിയുടെ അടുക്കൽ ചെല്ലാം. [ചോട്ടിൽ നിന്നു് ഇറങ്ങിയിട്ടു്] സുമംഗലി ജയിച്ചാലും!

ഭവതിയിൽ പ്രണയാലഴൽകൈവള-
ന്നാശമായ മനസ്സോടുകൂടവേ,
ഭുവനവിശ്രുതനാകിയ രാമനാം
നൃവരനോതിയയച്ചവനാണുഞാൻ. ൧൩

Digitized By Kerala Sahitya Akademi

സീത:—(ആത്മഗതം) ആരായിരിക്കാം ഇവൻ? മഹാപാപി രാക്ഷസൻ, വാനരരൂപമെടുത്തു്, ആര്യപുത്രന്റെ ആളാണെന്ന വ്യാജേന എന്നെ വഞ്ചിപ്പാൻ തുടങ്ങുകയായിരിക്കുമോ? ആകട്ടെ, ഞാൻ മിണ്ടാതിരുന്നേയ്ക്കാം.

ഹനുമാൻ:—ഭവതിക്കു വിശ്വാസം വരുന്നില്ലയോ? മററൊന്നും ശങ്കിക്കേണ്ടാ. ഇവിടുന്നു കേട്ടുകൊൾക:

കപിതന്നാട്ടമേന്തിണങ്ങിയാ-
രഘുവംശോത്തമദീപങ്ങളെ
തിരയുന്നതിനായയച്ചമവൻ
ഹനുമാനെന്നകരങ്ങനാണു ഞാൻ. ൨൦

സീത:—(ആത്മഗതം) ആരെങ്കിലുമാവട്ടെ; ആര്യപുത്രന്റെ പേർ പറഞ്ഞതുകൊണ്ടു് ഇവനോടു സംസാരിക്കാം. (പ്രകാശം) ഭദ്ര, എന്താണു് ആര്യപുത്രന്റെ വർത്തമാനം?

ഹനുമാൻ:—തിരുമേനി, കേട്ടുകൊൾക:

സുവദനമൊട്ടിനേത്തനശനാർ-
ദ്ദിതമായ് വിളറി-
ത്തവഗുണചിന്തയാലഴകൊളി-
ക്കളിവിട്ടുതുലോം
വിവശതയാവഹിപ്പിതവിടു-
ന്നമെലിഞ്ഞു മനോ-
ഭവശരമേററു വേകുമുടല-
ശ്രുഭൃതാക്ഷിയുഗം. ൨൧

സീത:—(ആത്മഗതം) അയ്യോ, ആര്യപുത്രൻ ഈവിധം ദുഃഖിയ്ക്കുന്നതായി കേട്ടിട്ടു ഭാഗ്യം കെട്ട ഞാൻ ലജ്ജിതയായിത്തീരുന്നു. വാസ്തവമാണു് ഈ വാനരൻ പറയുന്നതെങ്കിൽ, ആര്യപുത്രന്റെ വിരഹത്തളർച്ചയും എനിക്കു ഫലപ്രദമായിരിക്കും. ആര്യപുത്രനു് ഇയ്യ

Digitized By Kerala Sahitya Akademi

ള്ള വള്ളിലുള്ള അനുകമ്പയും, തളച്ച്യും കേട്ടിട്ട് എ
ൻെറ ഹൃദയം സുഖത്തിൻേറയും ദുഃഖത്തിൻേറയും
ഇടയിൽ ഊഞ്ഞാലാടുന്നതായി തോന്നുന്നു. (പ്രകാശം)
ഭദ്രേ, ഭവാന് എങ്ങിനെയാണ് ആര്യപുത്രനോടു
ചേൎച്ചയുണ്ടായതു്?

ഹനുമാൻ:—ഇവിടുന്നു കേട്ടുകൊൾക:

ശ്രീരാമൻ ഭവദൎത്ഥം, മത്ത ഭവനാം
ബാലിപ്ലവംഗേന്ദ്രനെ-
പ്പോരിൽക്കൊന്നു നരേന്ദ്രപുത്രി, കപിനാ-
ടപ്പിച്ചു സുഗ്രീവനിൽ;
ആ രാജാവുടനങ്ങയെത്തിരയുവാൻ
വിട്ടു കപിക്കൂട്ടരെ-
പ്പാരെങ്ങും; ഖഗവാക്കിനാലവരിൽ ഞാൻ
കണ്ടെത്തിനേൻ ദേവിയെ. ൧൧

എന്നുമാത്രമല്ല, ഈവിധംകൂടി.

സീത:—അയ്യോ, ആര്യപുത്രനെ ഇപ്രകാരം ദുഃഖിപ്പിക്കുന്ന
ഈശ്വരന്മാർ നിർദ്ദയന്മാർ തന്നെ!

ഹനുമാൻ:—ദേവി, വ്യസനിക്കേണ്ടാ. രാമൻ
പ്ലവഗപ്പടയാൽ പരീതനായി-
പ്പെരുതായീടിന പക്ഷിവില്ലുമേന്തി,
ദശകണ്ഠനെയുന്മഥിയ്ക്കുവാനായ്
പ്രസഭം ലങ്കയിൽ വന്നു കേറുമല്ലോ. ൧൨

സീത:—ഞാൻ സ്വപ്നംകണ്ടതായിരിക്കമോ! ഭദ്ര, സത്യം
തന്നെയോ? എനിക്കറിഞ്ഞുകൂടാ.

ഹനുമാൻ:—(ആത്മഗതം) ഹാ! കഷ്ടം!

ഇത്രനന്നായറിഞ്ഞിട്ടും
ഭൎത്താവെന്ന് ഭീതസങ്കതയാൾ

Digitized By Kerala Sahitya Akademi

വിശ്വാസിപ്പീലഴൽപ്പാടാൽ
ജന്മംമാറിയ പോലവേ. ൨൪

(പ്രകാശം) ദേവി, ഇതാ, ഞാൻ ഇനി

പ്രവരശരശരാസപാണിയാം നിൻ
ധവനെയണയ്ക്കുവനിങ്ങു രാജകന്യേ;
സ്ഥവരനികടമാന്ന മാലകന്നാൽ
ഭവതിയിവങ്കലശങ്കയാകുമല്ലോ. ൨൫

സീത:—ഭദ്ര, എന്റെ ഈ അവസ്ഥ കേട്ടിട്ട് ആര്യപുത്രൻ ദുഃഖവിവശനായിത്തീരാത്ത വിധത്തിൽ, എന്റെ വ ത്തമാനം അറിയിക്കുക.

ഹനുമാൻ:—ഇവിടുത്തെ അരുളപ്പാടുപോലെ.

സീത:—പൊയ്ക്കൊൾക; കാര്യസിദ്ധി വരട്ടെ!

ഹനുമാൻ:—ഞാൻ അനുഗൃഹീതനായി (ചുററിനടന്നിട്ട്) എങ്ങിനെയാണിനി, ഞാൻ വന്ന വിവരം രാവണനെ അറിയിക്കേണ്ടതു്? ആകട്ടെ, ഉപായമുണ്ട്.

നീരിത്താർനിരയാൽ മനോജ്ഞതരമായ്,—
പ്പൂങ്കോകിലക്കൂട്ടമൊ-
ത്തേറെപ്പേശ്ലാഭ തിരണ്ടതാകിയ മര—
ച്ചാർത്തും നിറഞ്ഞുള്ളതായ്
കാറിൻ നേർ നിറമാം ത്രികൂടവിപിനം
തല്ലിച്ചവിട്ടിപ്പൊടി-
ച്ചീരക്ഷഃപ്രഭുവിന്നെഴും വിഷയഗ—
വ്വാകെക്കെടുത്തീടുവൻ. ൨൬

(രണ്ടുപേരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

# മൂന്നാമങ്കം

(പിന്നെ ശംകുകർണ്ണൻ പ്രവേശിക്കുന്നു)

ശംകുകർണ്ണൻ:—ഹേ, ആരാണ്, കനകതോരണദ്വാരത്തിൽ കാവൽ നിൽക്കുന്നതു്?

നടയിൽത്തവണക്കാരി:— (പ്രവേശിച്ചു്) ആര്യ്യ, ഞാൻ. വിജയ എന്തുവേണം?

ശംകുകർണ്ണൻ:—വിജയേ, ലങ്കേശ്വരമഹാരാജാവിനോടു് ഉണർത്തിക്ക, ഉണർത്തിക്ക—അശോകവനിക മുക്കാലും ഉടച്ചുകളഞ്ഞു എന്ന്. എന്തെന്നാൽ,

പ്രേമത്താൽത്തളിർനുള്ളു കല്ല്യണിയുവാൻ
കാംക്ഷിക്കിലും ദേവിയാം
ശ്രീമണ്ഡോദരിയേതിലേ,തിൽമലയ-
ക്കാററും ചലിക്കാ ഭയാൽ;
ആരും ചെന്നുതൊടാത്തതൈകളിടചേ-
ന്നൊന്നാകമാദ്ദേവർകോൻ
വൈരിക്കൊക്കമശോകവാടിയിതുട-
ച്ചാനെന്നുണർത്തിക്കനീ.

നടയിൽത്തവണക്കാരി:—ആര്യ്യ, പതിവായി തമ്പുരാന്റെ തൃക്കാൽക്കൽ പെരുമാറുന്ന ആളുകൾക്ക് എന്താണീ മുമ്പു കണ്ടിട്ടില്ലാത്ത ഒരു പരിഭ്രമം? എന്താണിതു്?

ശംകുകർണ്ണൻ:—ഭദ്രേ, ഇതു തിടുക്കമുള്ള കാര്യ്യമാണ്. വേഗം ഉണർത്തിക്ക, ഉണർത്തിക്ക.

നടയിൽത്തവണക്കാരി:—ആര്യ്യ, ഇതാ, ഞാൻ ഉണർത്തിച്ചേയ്ക്കാം. (പോയി)

Digitized By Kerala Sahitya Akademi

ശങ്കുകർണ്ണൻ:—(മുന്നോട്ടു നോക്കിയിട്ട്) ഏയ്, ഇതാ, ലങ്കേശ്വരമഹാരാജാവു് ഇങ്ങോട്ടുതന്നെ എഴുന്നള്ളുന്നു. ഇദ്ദേഹം

കടമിഴി കമലാഭമായ് വിരിഞ്ഞും,
കനകവിളക്കുകരം മുൻവശത്തെരിഞ്ഞും
ഉരുജവമൊടണഞ്ഞിടുന്നു രോഷാ-
ലൂലകരുതിക്കു മുതിർന്ന ഭാനുപോലെ. ൨

(പിന്നെ പറഞ്ഞമട്ടിൽ രാവണൻ പ്രവേശിക്കുന്നു.)

രാവണൻ:—

എന്തെന്തെ,ടോ പുതിയവാർത്തയെച്ചൊല്ലുവോനേ?
ഹന്താശു ചൊല്ലിടുക; ഞാനിഹ കേട്ടിടട്ടേ!
സന്ത്രാസമെന്നിയെ, മരിപ്പതിനായ്ക്കടന്നു
വൻതോല്പുകച്ചവനെനിക്കവമാനമേററി? ൩

ശങ്കുകർണ്ണൻ:—(അടുത്തുചെന്നിട്ട്) മഹാരാജാവു ജയിച്ചാലും! എങ്ങിനെയോ വന്നുചേർന്ന ഒരു കുരങ്ങൻ വാശിയോടെ അശോകവനിക തകർത്തുകളഞ്ഞു.

രാവണൻ:—(അവജ്ഞയോടെ) എന്തു്, ഒരു കുരങ്ങൻ എന്നോ? ചെന്നു വേഗത്തിൽ പിടിച്ചുകൊണ്ടു വാ.

ശങ്കുകർണ്ണൻ:—മഹാരാജാവിന്റെ കല്പനപോലെ.(പോയി)

രാവണൻ:—ആകട്ടെ, ആകട്ടെ,

അടരിലുലകിലെല്ലാം ഭീതിചേർത്തോരെനിക്കി-
ന്നടവിലമരരാണീവിപ്രിയംചെയ്കതെങ്കിൽ,
ഉടനെയനുഭവിച്ചീടട്ടെ പീയൂഷഭോജി-
ക്കൂട, തനതു ശാപത്തിന്നുചേരും ഫലത്തെ. ൪

ശങ്കുകർണ്ണൻ:—(പ്രവേശിച്ചു്)മഹാരാജാവു ജയിച്ചാലും! മഹാരാജാവേ, ആ വാനരൻ വലിയ ബലവാനാണ്. അവൻ സാലവൃക്ഷങ്ങളെ താമരവളയങ്ങൾക്കൊപ്പം

Digitized By Kerala Sahitya Akademi

പറിച്ചിരിക്കുന്നു: ദാരുപർവ്വതത്തെ മുഷ്ടികൊണ്ടിടിച്ചു ചതച്ചിരിക്കുന്നു; വള്ളിക്കുടിലുകളെ കൈകൾ കൊണ്ടു തിരുമ്മിപ്പൊടിച്ചിരിക്കുന്നു; പ്രമദവനക്കാവൽക്കാരെ അവർച്ചുകൊണ്ടുതന്നെ ബോധം കെടുത്തിയിരിക്കുന്നു. അവനെ പിടിപ്പാൻ തക്ക ഒരു സൈന്യത്തെ മഹാരാജാവു കല്പിച്ചയയ്ക്കണം.

**രാവണൻ:**—എന്നാൽ, കുരങ്ങനെ പിടിപ്പാൻ ഒരായിരം കിങ്കരന്മാരെ പറഞ്ഞയയ്ക്കുക.

**ശംകുകർണ്ണൻ:**—മഹാരാജാവിന്റെ കല്പനപോലെ. (പോയി, പ്രവേശിച്ചിട്ട്) മഹാരാജാവ് ജയിച്ചാലും!

നമ്മുടെവൻതരുനിരയാൽ,
നമ്മുടെവൻകെല്പിയന്നകിങ്കരരെ
കൊന്നുകളഞ്ഞു ശീഘ്രം,
നിന്നുമരംകൊണ്ടുപൊരുതുമവൻ. ൭

**രാവണൻ:**—കൊന്നുകളഞ്ഞു എന്നോ? എന്നാൽ കുരങ്ങനെ പിടിപ്പാൻ അക്ഷകുമാരനെ അയയ്ക്കുക.

**ശംകുകർണ്ണൻ:**—മഹാരാജാവിന്റെ കല്പനപോലെ. [പോയി]

**രാവണൻ:**— (ആലോചിച്ചിട്ട്)

പടച്ചൊരുപ്പും ബലവായ്പുമസ്ത്ര-
പ്പറിപ്പുമൊത്തുള്ളവനാംകുമാരൻ
പിടിക്കുമാക്കാടനെയല്ലയെങ്കിൽ-
ച്ചൊടിച്ചുകേറിക്കൊലചെയ്തുകൊള്ളും. ൮

**ശംകുകർണ്ണൻ:**—[പ്രവേശിച്ചു] മഹാരാജാവു പ്രധാനസൈന്യത്തെ കല്പിച്ചയയ്ക്കുമാറാകണം.

**രാവണൻ:**—എന്തിന്?

**ശംകുകർണ്ണൻ:**—മഹാരാജാവു കേട്ടാലും! കൊച്ചുതമ്പുരാൻ കുരങ്ങന്റെ നേർക്ക് എതിർക്കുന്നതു കണ്ടിട്ട്, മഹാ

Digitized By Kerala Sahitya Akademi

KUMARAMANDIRAM LIBRARY AYYANTHOLE, TRICHUR

രാജാവിന്റെ കല്പനയില്ലെങ്കിലും അഞ്ചു പടനായകന്മാർകൂടി ഒരുമിച്ചു പോയി.

രാവണൻ:—എന്നിട്ട്?

ശംകുകർണ്ണൻ:—അവർ നേരിടുന്നതു കണ്ടിട്ട്, ആ വാനരൻ കുറഞ്ഞൊന്നു പേടിച്ച നാട്യത്തിൽ തോരണത്തിന്മേൽ കേറി, കാഞ്ചനപരിഘം കയ്യിലാക്കി, അതു കൊണ്ടു പടനായകന്മാരെ അഞ്ചുപേരേയും വീഴിച്ചു കളഞ്ഞു.

രാവണൻ:—പിന്നെ; പിന്നെ?

ശംകുകർണ്ണൻ:—പിന്നെ അക്ഷകുമാരൻ,

രോഷത്താൽകൺചുകന്നും, തിരിതുരഗമായ്-
ത്തേർതെളിപ്പിച്ചുകൊണ്ടും,
വർഷാകാലാഭ്രമട്ടിൽപ്പെരുതു തെരുതെരെ-
ബ്ബാണവർഷം പൊഴിക്കേ,
അബ്ബാണൌഘം പറപ്പിച്ചു,ശിരൊടു കപി തൽ-
ത്തേരിലേയ്ക്കാഞ്ഞു ചാടി-
ക്കണ്ഠത്തിങ്കൽപ്പിടിച്ചുന്മുദിതവദനനായ്
മുഷ്ടിയാൽക്കൊന്നു ധൃഷ്ടം! ൭

രാവണൻ:—(ക്രോധത്തോടെ) എന്തെന്ത്, കൊന്നു എന്നോ!

നിൽക്ക നീയിത ഞാൻതാൻ ചെ-
ന്നക്കപിപ്പുഴുവെപ്പൊഴും
മൽക്കോപത്തീപ്പൊരികളാൽ
വെക്കംവെന്തു ചാമ്പലാക്കുവൻ. ൮

ശംകുകർണ്ണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും! അക്ഷകുമാരനെ വധിച്ചതു കേട്ടിട്ട്, ആ കുമ

Digitized By Kerala Sahitya Akademi

ങ്ങടെന്റെ നേരെ അരിശംകൊണ്ടു കൊച്ചുതമ്പുരാൻ, ഇന്ദ്രജിത്തു് എഴുന്നള്ളിയിട്ടുണ്ടു്.

**രാവണൻ:**—എന്നാൽ, ചെന്നു വീണ്ടും വർത്തമാനമറിയുക.

**ശങ്കുകർണ്ണൻ:**—മഹാരാജാവിന്റെ കല്പനപോലെ. (പോയി)

**രാവണൻ:**—കുമാരൻ അസ്ത്രവിദഗ്ദ്ധനായിരുന്നു.

വധമോ പോരിൽ വീരക്കു
ജയമോ തീർച്ചതന്നയാം;
എന്നാലുമിക്ഷുദ്രകർമ്മം
തെല്ലേകുന്നിതെനിക്കഴൽ. ൯

**ശങ്കുകർണ്ണൻ:**—(പ്രവേശിച്ചു്) മഹാരാജാവു ജയിച്ചാലും! ലങ്കേശ്വരൻ ജയിച്ചാലും! ദശമുഖൻ ജയിച്ചാലും!

അവനും ചെറുതമ്പുരാനുമായ്—
ബ്ബഹളം കൂടിയപോർ നടന്നതേ;
അരിവില്പൊഴുതാക്കരങ്ങളെ—
ക്കയർകൊണ്ടാശ്ശുവരിഞ്ഞുകെട്ടിനാൻ. ൧൦

**രാവണൻ:**—ഇന്ദ്രജിത്തു് ഒരു മരഞ്ചാടിയെ പിടിച്ചുകെട്ടിയതിൽ എന്താണത്ഭുതം? ആരവിടെ?

**ഒരു രാക്ഷസൻ:**—(പ്രവേശിച്ചു്) മഹാരാജാവു ജയിച്ചാലും!

**രാവണൻ:**—ചെന്നു വിഭീഷണനെ വിളിച്ചുകൊണ്ടുവാ.

**രാക്ഷസൻ:**—കല്പനപോലെ. (പോയി)

**രാവണൻ:**—നീ കരങ്ങനേയും കൊണ്ടുവാ.

**ശങ്കുകർണ്ണൻ:**—കല്പനപോലെ. (പോയി)

**രാവണൻ:**—(ആലോചിച്ചിട്ടു്) ഹാ, കഷ്ടം!

സുരദാനവരൊത്തുകൂടിയാലും
കരളാലോക്കരുതാത്തലങ്കയിങ്കൽ
ഒരു മൊച്ച കടന്നുകൂടിപോലും,
പെരുതാം താഴ്ച ദശാനനന്നിഹററി! ൧൧

Digitized By Kerala Sahitya Akademi

പോരിൽദ്ദേവാസുരാദ്ധ്യത്രിഭുവനമഖിലം
വെന്നഞാനീശശൈലം
കേറിഗ്ഗർവാൽഗ്ഗുണൌഘാവൃതപശുപതിയെ-
ദ്ദേവിയോടൊത്തിളക്കി,
പ്രാപിച്ചേൻ തൽപ്രസാദം; പുനരഗസുതയും
നന്ദിയും ഭക്തികേടാൽ
ശാപം മേ തന്നിരിക്കാം;-മതുമൊരു കപിതൻ-
കൊള്ളയായ്ത്തീൎന്നിരിക്കാം! ൧൧

(പിന്നെ വിഭീഷണൻ പ്രവേശിക്കുന്നു.)

വിഭീഷണൻ:—[ആലോചനയോടുകൂടി] കഷ്ടം, കഷ്ടം! മഹാരാജാവിന്നു ബുദ്ധി പിഴച്ചുപോയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

ഒരുപാടുരുചൊല്ലി,'സീതയെ-
ത്തിരിയേകൊണ്ടുകൊടുക്കുകെ'ന്നു ഞാൻ,
ചെറുതും മമ വാക്കുകേൾപ്പതി-
ല്ലെ,രിമാൽ ബന്ധുജനത്തിനെത്തുവാൻ.

(അടുത്തുചെന്നിട്ട്)

മഹാരാജാവു ജയിച്ചാലും.

രാവണൻ:—വിഭീഷണ, വരു, വരു; ഇരിക്കു.

വിഭീഷണൻ:—ഇതാ, ഞാനിരിക്കാം. [ഇരിക്കുന്നു]

രാവണൻ:—വിഭീഷണ, തനിക്ക് എന്തോ വിരക്തിയുള്ളതായി തോന്നുന്നുവല്ലോ.

വിഭീഷണൻ:—പറഞ്ഞതു കേൾക്കാത്ത സ്വാമിയെ സേവിക്കുന്ന ഭൃത്യജനത്തിനു വിരക്തിയേ ഉണ്ടാകയുള്ളു.

രാവണൻ:—ഈ സംസാരം നിൎത്തുക. താനും ചെല്ലു, വാനരനെ കൊണ്ടുവരുവാൻ.

വിഭീഷണൻ:—കല്പനപോലെ. (പോയി) (പിന്നെ രാക്ഷസന്മാരാൽ ഗ്രഹിതനായ ഹനുമാൻ പ്രവേശിക്കുന്നു.)

Digitized By Kerala Sahitya Akademi

**എല്ലാവരും:**—എടാ, ഇങ്ങോട്ട്, ഇങ്ങോട്ട്.

**ഹനുമാൻ:**—കെട്ടമതിയാമാരാക്ഷസ–
നൊട്ടുതോററിട്ടില്ല തെല്ലുപോലുംഞാൻ;
പിടിയിൽപ്പെട്ടേൻസ്വയമേ
വടിവിൽ നിശാടേശനെക്കാണ്മാൻ. ൧൪

(അടുത്തുചെന്നിട്ട്) രാജാവേ, അങ്ങേയ്ക്കു കുശലമല്ലയോ?

**രാവണൻ:**—(അവജ്ഞയോടെ) വിഭീഷണ, ഇവനാണോ അതു ചെയ്തതു്?

**വിഭീഷണൻ:**—മഹാരാജാവേ, അതിലപ്പുറവും.

**രാവണൻ:**—താനെങ്ങിനെ അറിഞ്ഞു?

**വിഭീഷണൻ:**—'നീയാരാണെ'ന്നു കല്പിച്ചു ചോദിച്ചാലും.

**രാവണൻ:**—എടൊ, വാനര, നീയരാണു്? എന്തുകാരണം പിടിച്ചാണു്, ഞങ്ങളുടെ അന്തഃപുരത്തിൽ കേറിയതു്?

**ഹനുമാൻ:**—കേട്ടുകൊൾക:

പ്രഭഞ്ജനനഞ്ജനയിൽ–
പ്പിറന്നോരൌരസാത്മജൻ,
രാഘവൻ ചൊല്ലിവിട്ടോൻ ഞാൻ,
ഹനുമാനെന്ന വാനരൻ.

**വിഭീഷണൻ:**—മഹാരാജാവേ, കേട്ടുവോ?

**രാവണൻ:**—കേട്ടതുകൊണ്ടെന്താണ്?

**വിഭീഷണൻ:**—ഹനുമാനേ, ശ്രീമാൻ രാഘവൻ എന്തു പറയുന്നു?

**ഹനുമാൻ:**—രാമൻെറ നിയോഗം കേട്ടുകൊൾക.

**രാവണൻ:**—എന്ത്,എന്ത്, രാമൻെറ നിയോഗം എന്നോ? ഉം, കൊല്ലട്ടെ ഈ ചാരനെ!

Digitized By Kerala Sahitya Akademi

വിഭീഷണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും! എന്തു കുററത്തിന്നും ദൂതന്മാരെ കൊന്നുകൂടാ. അല്ലെങ്കിൽ, രാമൻ പറഞ്ഞയച്ചതുകേട്ടിട്ടു പിന്നെ യഥേഷ്ടം കല്പിച്ചു ചെയ്തുകൊൾക.

രാവണൻ:—എടാ വാനര, ആ മനുഷ്യൻ എന്തുപറയുന്നു?

ഹനൂമാൻ:—കേട്ടുകൊൾക:

ചെന്നാശ്രയിക്കുക ഗിരീശനെ നീ;—യതല്ല-
യെന്നാൽ ദുരാസദ രസാതലമാണ്ടുകൊൾക;
എന്നാലുമന്തകപുരത്തിനയയ്ക്കുവൻ,മെ-
യ്യൊന്നായ്മികച്ചുകണകൊണ്ടുപിളത്തി നിന്നെ.

എന്നു്. ൧൩

രാവണൻ:—ഹ ഹ ഹ,

ചാലേ ദേവപ്പരിഷകളെ ഞാ-
നററ ദിവ്യാസ്ത്രവൃന്ദ-
ത്താലേ വെന്നേനു,സുരവരരെ-
പ്പേരുമെൻകീഴിൽ നില്പോർ;
പൌലസ്ത്യന്നും കദനമുതകി-
പ്പുഷ്പകം ഞാൻ കവന്നേൻ;
മാലററന്നോടൊരു മനുജനാം
രാമനെന്മട്ടെതിക്കും? ൧൪

ഹനൂമാൻ:—ഇപ്രകാരമുള്ള ഭവാൻ എന്തിനാണു് ഒളിവായി അദ്ദേഹത്തിൻെറ ഭാൎയ്യയെ കട്ടതു്?

വിഭീഷണൻ:—ശരിയാണു് ഹനൂമാൻ പറയുന്നതു്:

രഘുമുഖ്യനെ മായകാട്ടിയി-
ട്ടകലത്താക്കി നിശാചരർഷഭ,
യതിരൂപിയുമായ്ബ്ഭവാൻ വെറും-
ചതിയാലല്ലി ഹരിച്ചു സീതയെ? ൧൫

Digitized By Kerala Sahitya Akademi

രാവണൻ:—വിഭീഷണ, താൻ ശത്രുപക്ഷം പിടിക്കയാണോ?

വിഭീഷണൻ:—

പ്രസീദ രാജൻ! ഹിതമോതിടുന്ന ഞാൻ
കൊടുക്ക കാകുൽസ്ഥന്നു ധർമ്മപത്നിയെ;
അരക്കർകോനായ ഭവാൻ നിമിത്തമി-
ക്കുലം നശിക്കായ്‌വതിനുണ്ടു വാഞ്ഛമേ! ൧൭

രാവണൻ:—വിഭീഷണ, മതി മതി ഭയം.

ഒരു മൃഗമിഹ വീഴ്ത്തുമേശുമ-
ട്ടു,രു സട തൂങ്ങിയ കേസരീന്ദ്രനെ?
പെരുമയുടയ മത്തവാരണം
കുറുനരിയാൽ കൊലയേററുപോകുമോ?

ഹനുമാൻ:—ഹേ രാവണ, ഭവാൻ ഭാഗ്യക്ഷയത്താൽ രാഘവനെപ്പററി ഈവിധം സംസാരിയ്ക്കുന്നതു യുക്തമാണോ? ഛീ, അരുത്.

ഹേ രാത്രിഞ്ചരപാശ, പുണ്യവിലയം
നേരിട്ട ഹേ രാവണ,
സ്വാരാജ്യപ്പെരുമാളിനോടു സമനായ്
ലോകത്തിനേകേശനായ്,
വീരാഗ്രേസരനായനോപമനമാം
കാകുൽസ്ഥനെപ്പററി നീ-
യോരാതേവമിടിച്ചു ചൊൽവതു വെറും
നിസ്സാര, കൊള്ളാവതോ? ൧൮

രാവണൻ:—എന്തെന്ത്, പേർവിളിയ്ക്കുന്നുവോ? കൊല്ലട്ടെ ഈ കുരങ്ങനെ. അല്ലെങ്കിൽ, ദൂതവധം നിന്ദ്യമാണല്ലോ. ശംകുകർണ്ണ, ഈ കുരങ്ങനെ, വാലിന്മേൽ തീക്കൊളുത്തി വിടുക.

Digitized By Kerala Sahitya Akademi

**ശംകുകൎണ്ണൻ:**—മഹാരാജാവിന്റെ കല്പനപോലെ. ഇങ്ങോട്ടു്, ഇങ്ങോട്ടു്.

**രാവണൻ:**—അല്ലെങ്കിൽ, വരിക.

**ഹനൂമാൻ:**—ഇതാ, ഞാൻ.

**രാവണൻ:**—ഞാൻ പറഞ്ഞതായി ആ മനുഷ്യനോടു പറയുക.

ദാരാപഹാരക്രിയയാൽ ഭവാനു
ഹേ രാമ, ചെത്തേനവമാനമീ ഞാൻ;
നേരായ്ഭവാൻ വില്ലിൽ വിദഗ്ദ്ധനെങ്കിൽ
വാരാണ്ട യുദ്ധം മമ നൽകിയാലും! ൨൨

**ഹനൂമാൻ:**—ഉടനെ കാണാം,

രഘുവൃഷഭധനസ്സ്വനാത്തനങ്ങ-
ളുക്കുരുമതിൽ ഗോപുര കൊത്തളങ്ങൾ പാഴായ്,
കപിപടലമുടച്ചുവിട്ടു നാനാ-
പ്രമദവനങ്ങൾ ചുഴന്ന തന്റെ ലങ്ക! ൨൩

**രാവണൻ:**—ഉം, ഈ കരങ്ങനെ പുറത്താക്കട്ടെ.

**രാക്ഷസന്മാർ:**—ഇങ്ങോട്ടു്, ഇങ്ങോട്ടു്.

(ഹനൂമാൻ രാക്ഷസന്മാരോടു കൂടി പോയി)

**വിഭീഷണൻ:**—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും! മഹാരാജാവിന്റെ ഗുണത്തിന്നായി ഒന്നു പറയാനുണ്ടു്.

**രാവണൻ:**—പറയുക. കൊള്ളാമെങ്കിൽ നാം കേൾക്കും.

**വിഭീഷണൻ:**—എല്ലാംകൊണ്ടും രാക്ഷസവംശത്തിന്നു നാശം അടുത്തിരിക്കുന്നതായി എനിക്കു തോന്നുന്നു.

**രാവണൻ:**—എന്തുകൊണ്ടു്?

**വിഭീഷണൻ:**—മഹാരാജാവിന്റെ പിഴവുകൊണ്ടു്.

**രാവണൻ:**—എന്താണു് എന്റെ പിഴവു്?



Digitized By Kerala Sahitya Akademi

വിഭീഷണൻ:—സീതയെ അപഹരിച്ചതു തന്നെ.

രാവണൻ:—സീതാപഹരണംകൊണ്ടു് എന്താണു ദോഷം?

വിഭീഷണൻ:—അധർമ്മം കൂടി.

രാവണൻ:—കൂടി എന്നതുകൊണ്ടു് വേറെയുമുണ്ടെന്നു തോന്നുന്നു. അതു പറയുക.

വിഭീഷണൻ:—അതുമാത്രമേ ഉള്ളു.

രാവണൻ:—വിഭീഷണ, താൻ എന്തിനു മറച്ചുവെക്കുന്നു? താൻ സത്യം പറയാഞ്ഞാൽ, എന്റെ പ്രാണനെക്കൊണ്ടു് ആണയിടുവിക്കും.

വിഭീഷണൻ:—മഹാരാജാവു് അഭയം തരണം.

രാവണൻ:—അഭയം തന്നു. പറഞ്ഞുകൊൾക:

വിഭീഷണൻ:—ബലവാനോടു കലഹവും

രാവണൻ:—(കോപത്തോടുകൂടി) എന്തെന്തു്, ബലവാനോടു കലഹമോ?

കൂടലർപ്പങ്കിൽനിന്നിട്ടെ-
ന്നോടീ നക്തഞ്ചരാധമൻ
കടുംക്രോധംവരുംവണ്ണം
സംസാരിക്കുന്നു നിർഭയം! ൨൪

ആരവിടെ?

മമസോദരസൌഹൃദം ഗണിക്കാ-
തെതിർപക്ഷത്തിലണഞ്ഞുനില്ക്കുവോനെ
ഇനിമുന്നിലെനിക്കുകാണുവാൻ വ-
യ്യ,തിനാൽചിയ്യിവനെപ്പുറത്തുതള്ളാം. ൨൫

വിഭീഷണൻ:—മഹാരാജാവു പ്രസാദിച്ചാലും, പ്രസാദിച്ചാലും. ഞാൻ തന്നെ പോയ്ക്കൊള്ളാം.

പോയ്ക്കൊള്ളാം തമ്പുരാനേ, നിൻ-
ചൊല്ലാൽ നിർദ്ദോഷനായ ഞാൻ;

Digitized By Kerala Sahitya Akademi

കോപവും കാമവും വിട്ടു
ചെയ്യു വേണ്ടവിധം ഭവാൻ. ൨൩
(ചുററിനടന്നിട്ട്) ഇതാ, ഇനി,
എല്ലാംഭോരുഘനേത്രനായ്,ക്കൊടിയ വി-
ല്ലേന്തി,ദ്ദശഗ്രീവനെ-
ക്കൊല്ലാനായ്ശ്ശപഥംകഴിച്ചവനുമായ്,-
ബ്ഭക്തേഷ്ടസന്ദായിയായ്
ചൊല്ലാൻമുള്ള ശ്രീദേവരാമനെയുടൻ
ചെന്നാശ്രയിച്ചിട്ടു ഞാ-
നെ,ല്ലാംകൂടി മുടിഞ്ഞ രാക്ഷസകലം
പ്രത്യുദ്ധരിച്ചീടുവൻ. ൨൭
(പോയി)

രാവണൻ:—ഹാ, വിഭീഷണൻ പോയ്ക്കഴിഞ്ഞു. ഞാൻ ഇനി നഗരത്തിന്നു കാവലുറപ്പിക്കട്ടെ.

(പോയി)

മൂന്നാമങ്കം കഴിഞ്ഞു

———(o)———

# നാലാമങ്കം

(അനന്തരം ഒരു വാനരഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ:—ഹേ ഹേ സേനാപതി, വാനരസൈന്യത്തിന്നു ഒരുങ്ങുവാൻ കല്പനകൊടുക്കുക.

സേനാപതി:—(പ്രവേശിച്ചു) അയ്യൊ, എന്തിനാണു ഈ ഒരുക്കം?

ഹരിക്കാരൻ:—സീതാദേവിയുടെ വർത്തമാനം ഹനുമാനങ്ങുന്നു രാമൻതിരുമേനിയുടെ അടുക്കൽ എത്തിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

സേനാപതി:—എന്തെന്തു്; എന്തെന്തു്?

ഹരിക്കാരൻ:— കേട്ടുകൊൾക:

മേവുന്നു പോലിളാധീശ്വരമകളധുനാ
ലങ്കയിൽ,ഢഃമാർഗ്ഗം
കൈക്കൊണ്ടിട്ടോനായ് പ്പുലസ്ത്യാത്മജനഥ ചില വല-
യ്ക്കുന്നതേറ്റെറെ മാഴ്കി;
ഈ വൃത്താന്തം ശ്രവിച്ചേറിയൊരഴലിലകാ
കാഞ്ഞ രാമൻെറകാര്യം
ചെയ്യാൻ രാജാവു, വേലിരപ്പവഗബലമൊരു-
ങ്ങട്ടെയെന്നാജ്ഞയിട്ടാൻ. ൧

സേനാപതി:—ശരി, മഹാരാജാവിൻെറ കല്പനപോലെ.

ഹരിക്കാരൻ:—ഞാനും വാനരസൈന്യം ഒരുങ്ങിയതായി തിരുമനസ്സുണർത്തിക്കട്ടെ.

(രണ്ടുപേരും പോയി)

വിഷ്കംഭം കഴിഞ്ഞു.

——(o)——

(പിന്നെ രാമനും ലക്ഷ്മണനും സുഗ്രീവനും ഹനൂമാനും പ്രവേശിക്കുന്നു.)

രാമൻ:—

കേറീ താഴ്വര ചീന്തു പൊന്തു*നിറവാം
കാറൊത്തശൈലങ്ങളെ;-
സ്സിംഹവ്യാഘ്രമൃഗജേന്ദ്രർ നീരുനുകരു-
ന്നോരാർകറ പിന്നിട്ടു ഞാൻ;
പൂ കായ്വാച്ചുമരങ്ങളുള്ള പല വൻ-
കാട്ടും കടന്നീടിനേ,-
നെന്നിട്ടിപ്പൊഴുതിൽക്കപീന്ദ്രബലമൊ-
ത്താഴിക്കരയ്ക്കെത്തിനേൻ. ൨

* പൊന്തക്കുവള്ളിക്കെട്ട്.

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ:—ഇതാ, ഇതാ, വരുണഭഗവാൻ
നരയണിയലമുത്തുമാലചാർത്തി,-
സ്സുരമണിനീർമുകിൽ നേർപയസ്സിണങ്ങി,
സരിദയുതഭുജാഢ്യനായ്, ശ്ലയിക്കും
ഹരിയുടെമട്ടിൽ നദീശ്വരൻ ലസിപ്പൂ. ൩

രാമൻ:—ശരി, എന്തെന്ത്?
അരിയെത്തീരെമുടിപ്പാൻ
ശരവും കൈക്കൊണ്ടൊരുങ്ങുമീയെന്നെ,
സാഗരമിപ്പൂ തടയുന്നോ,
സാമ്പ്രതമവനെസ്സുജീവനാക്കാനായ്! ൪

സുഗ്രീവൻ:—എയ്, ആകാശത്ത്,
കരിവാർമുകിൽക്കെതിർ നിറം കലന്നു,പൊൻ-
വരഭൂഷണങ്ങളണിമെയ്തെളിഞ്ഞിതാ,
ഒരരക്കനോടിയണയുന്നതെന്തിനാ-
ണെരിതീയ്യിൽ വീഴ്വതിന്നു പാററപോലവേ? ൫

ഹനൂമാൻ:—ഹേ ഹേ വാനരവീരന്മാരേ, നിങ്ങൾ സന്നദ്ധരാകുവിൻ!
വൃക്ഷം, നഗം, പൽ, നഖ,മിങ്ങു മുഷ്ടി,മു-
ട്ട,ക്ഷീണമാം നാദവുമായ്ക്കപീശ്വരൻ
രക്ഷസ്സിനെക്കൊൽവതിന്നുന്നി നിൽക്കുവിൻ!
രക്ഷിക്കുവിൻ നമ്മുടെ മാനവേന്ദ്രനെ! ൬

രാമൻ:—ഒരു രാക്ഷസനോ? ഹനൂമാനേ, മതി മതി, പരിഹാസം.

ഹനൂമാൻ:—തിരുമേനിയുടെ കല്പനപോലെ.

(പിന്നെ വിഭീഷണൻ പ്രവേശിക്കുന്നു)

വിഭീഷണൻ:—ഹാ, ഞാൻ രാഘവന്റെ പടകുടിക്കരികിൽ എത്തിക്കഴിഞ്ഞു. (ആലോചിച്ചിട്ട്) വന്ന വിവരം [illegible] കേട്ടാൽ, ശത്രുവി

Digitized By Kerala Sahitya Akademi

ന്റെ ചാർച്ചക്കാരനായ എന്നെപ്പററി ശ്രീമാൻ രാഘവൻ എന്തു വിചാരിക്കും? എന്തുകൊണ്ടെന്നാൽ,

പൊടിക്കിലമരാരിയാമെവനൊ-
ടൊന്നുനേരിട്ടിടാൻ
മിടുക്കമെരയുക്തനാം കലിശ-
ഭൃത്തിനും നാസ്തിതാൻ;
അവന്നനുജനായ ഞാൻ ശരണ-
കാംക്ഷിയായ് ച്ചെൽകിലെ-
ന്തുരയ്ക്കുമിഹരാമനെന്നിടർപെ-
ട്ടനിശതൻമാനസേ. ൭

അല്ലെങ്കിൽ,

നേരായധർമ്മാർത്ഥവിബോധമുണ്ട്;
ധാരാളമുണ്ടാശ്രിതവത്സലത്വം;
ഈ രാഘവൻ ശിഷ്ടനുമാണ്; ദുഷ്ടരും-
ച്ചേരാത്ത ഞാനെന്തിനു ശങ്കകൊൾവു? ൮

(കീഴ്പോട്ട നോക്കിയിട്ട്) ഇതാ, രഘുപുംഗവന്റെ കൈനില; ഇറങ്ങുക തന്നെ.

(ഇറങ്ങിയിട്ട്) ഹാ, ഇവിടെ നിന്നിട്ട് ഞാൻ വന്ന വിവരം തിരുമനസ്സുണർത്തിക്കാം.

ഹനുമാൻ:—(മേല്പോട്ട നോക്കിയിട്ട്) എയ്, ശ്രീമാൻ വിഭീഷണനോ?

വിഭീഷണൻ:—എയ്, ഹനുമാൻ. ഹനുമാനെ, ഞാൻ വന്ന വിവരം തിരുമനസ്സുണർത്തിക്ക.

ഹനുമാൻ:—അങ്ങിനെ തന്നെ (അടുത്തു ചെന്നിട്ട്) തിരുമേനി ജയിച്ചാലും, ജയിച്ചാലും!

അരചൻ,രാവൺകാരണമേ
പരമേട്ടൻനാട്ടിൽനിന്നുതള്ളുകയാൽ,

Digitized By Kerala Sahitya Akademi

നിരഘൻ വിഭീഷണനിതാ,
ശരണംപ്രാപിച്ചിരിപ്പുനിന്നരികിൽ. ൯

രാമൻ:—വിഭീഷണൻ ശരണം പ്രാപിച്ചിരിയ്ക്കുന്നു എന്നോ? ഉണ്ണി, ലക്ഷ്മണ, ചെല്ലു; വിഭീഷണനെ സൽക്കരിച്ചു കൂട്ടിക്കൊണ്ടു വരു.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ ആജ്ഞപോലെ.

രാമൻ:—സുഗ്രീവ, അങ്ങെന്തോ പറവാൻ വിചാരിക്കുന്നതായി തോന്നുന്നുവല്ലോ.

സുഗ്രീവൻ:—തിരുമേനി, മായയേറിയവരും കപടമായി പൊരുതുന്നവരുമാണു് രാക്ഷസന്മാർ. അതിനാൽ, ആലോചിച്ചിട്ടു് വേണം വിഭീഷണനെ കൂട്ടിക്കൊണ്ടു വരുവാൻ.

ഹനുമാൻ:—മഹാരാജാവേ, ഇങ്ങിനെ പറഞ്ഞുകൂടാ:
ക്ഷിതിനാഥനിലുററകൂർ നമുക്കു-
ള്ളതുപോലുണ്ടു ദൃഢം വിഭീഷണനും;
അതുനാളിവനേട്ടനോടുവാദി-
പ്പതുകൂടിപ്പുരിയിങ്കൽവെച്ചുകണ്ടേൻ. ൧൦

രാമൻ:—എന്നാൽ, ചെല്ലു; വിഭീഷണനെ സൽക്കരിച്ചു കൂട്ടിക്കൊണ്ടുവരു.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ ആജ്ഞപോലെ. (ചുററിനടന്നിട്ടു്) എയ്, വിഭീഷണൻ, വിഭീഷണ, ഭവാനു കുശലമല്ലേ?

വിഭീഷണൻ:—എയ് ലക്ഷ്മണകുമാരൻ. കുമാര, ഇപ്പോഠം ഞാൻ കുശലിയായി!

ലക്ഷ്മണൻ:—വിഭീഷണ, നമുക്കു് ജ്യേഷ്ഠന്റെ അരികിൽ പോകാം.

Digitized By Kerala Sahitya Akademi

വിഭീഷണൻ:—അങ്ങിനെതന്നെ.

(രണ്ടുപേരും അടുത്തുചെല്ലുന്നു)

ലക്ഷ്മണൻ:—ജ്യേഷ്ഠൻ ജയിച്ചാലും!

വിഭീഷണൻ:—തിരുമേനി പ്രസാദിച്ചാലും! തിരുമേനി ജയിച്ചാലും!

രാമൻ:—എയ്, വിഭീഷണൻ. വിഭീഷണ, ഭവാൻ കുശലിയല്ലേ?

വിഭീഷണൻ:—തിരുമേനി, ഇപ്പോഴം ഞാൻ കുശലിയായി!

അരുണാംബുജനേർനയനനായ് ശ്ശരണ്യനാം
തിരുമേനിയെ ശ്ശരണമാണുകാരണം
ധരണീപതേ, കുശലിയായിതിന്നുഞാൻ,
ദുരിതം തടിക്ഷണവശാലകന്നുപോയ്! ൧൧

രാമൻ:—ഭവാൻ ഇന്നുമുതൽക്ക്, എന്റെ വാക്കാൽ ലങ്കേശ്വരനായി ഭവിച്ചാലും!

വിഭീഷണൻ:—ഞാൻ അനുഗൃഹീതനായി.

രാമൻ:—വിഭീഷണ, അങ്ങ വന്നതുകൊണ്ടു തന്നെ നമ്മുടെ കാൎയ്യം സാധിച്ചുകഴിഞ്ഞു. എന്നാൽ സമുദ്രം കടക്കാൻ ഉപായം കാണുന്നില്ല.

വിഭീഷണൻ:—തിരുമേനി, എന്താണിതിൽ അറിയാനുള്ളതു്? വഴി തരാത്തപക്ഷം, സമുദ്രത്തിന്റെ നേരേ തിരുമേനി ഒരു ദിവ്യാസ്ത്രം പ്രയോഗിയ്ക്കുക തന്നെ.

രാമൻ:—കൊള്ളാം. വിഭീഷണ, കൊള്ളാം. ആകട്ടെ, ഞാൻ ഈവിധംതന്നെ ചെയ്യുകളയാം. (പെട്ടെന്നു് എഴുന്നേററു കോപത്തോടെ)

ജലമൊട്ടു ചലിപ്പും വരുണ്ടുന്നങ്ങി–
[illegible]

അലയലറലൊഴിഞ്ഞതാക്കുവൻ ഞാൻ
ജലധി ജവാൽ, വഴി മേ തരായ്കിലമ്പാൽ. ൧൨

(പിന്നെ വരുണൻ പ്രവേശിക്കുന്നു)

വരുണൻ:—(സംഭ്രമത്തോടെ)

കാര്യാർത്ഥമെത്തിയ നരാകൃതിയായ ദേവ-
നാരായണന്നു പിഴചെയ്തുകാരണത്താൽ,
പോരിൽസ്സുരാരിഹരമാംകണകൊണ്ടു ഭീതി
നേരിട്ടതിന്നിവനെവെക്കമുപാശ്രയിപ്പൻ. ൧൩

(നോക്കിയിട്ട്) ഏയ്, ഇതാ ഭഗവാൻ
മാനുഷനുടെ വടിവേന്തി-
ശ്ശാർങ്ഗം ഗദ ചക്രമെന്നിവ ധരിപ്പോൻ
കാരണഭൂതൻ സ്വയമേ
കാര്യാർത്ഥം വന്നിരിയ്ക്കുന്നു! ൧൪

ത്രൈലോക്യകാരണമായ ഭഗവാൻ നാരായണന്നു നമസ്കാരം!

ലക്ഷ്മണൻ:—(നോക്കിയിട്ട്) ഏയ് ആരാണിദ്ദേഹം?

സുലളിതവിപുലാരക്തേക്ഷണൻ നവ്യനീലോൽ-
പലരുചി, മണിരാജന്മൌലി, മത്തേഭലീലൻ,
ജലതതിയുടെ മദ്ധ്യത്തിങ്കൽ നിന്നിങ്ങുയർന്നാ-
നലകടിപെട്ടമാറാം ദീപ്തിയോടൊത്തുശീഘ്രം. ൧൫

വിഭീഷണൻ:—തിരുമേനി, ഇതാ വരുണഭഗവാൻ എഴുന്നള്ളിയിരിക്കുന്നു.

രാമൻ:—ഇതു വരുണനാണോ? ഭഗവൻ, വരുണ, അങ്ങേയ്ക്കു നമസ്കാരം!

വരുണൻ:—ദേവവരൻ എന്നെ നമസ്കരിച്ചുകൂടാ. അ[illegible],

Digitized By Kerala Sahitya Akademi

ശരി: രാജകുമാര, കോപമെന്തി-
ന്നു?-രിശംപോരുമിനി;-ബ്‌ഭവാനെഞങ്ങൾ
നരസത്തമ, ചെയ്യുവേണ്ടതെന്തെ-
ന്നുരചെയ്തീടുക വൈകിടാതെതന്നെ. ൧൬

രാമൻ:—ലങ്കയിലേയ്ക്കുപോകാൻ അങ്ങു വഴിതരണം.

വരുണൻ:—ഇതാ വഴി, ഭവാൻ പോയ്ക്കൊൾക.

(മറഞ്ഞു)

രാമൻ:—എയ്, വരുണഭഗവാൻ മറഞ്ഞു. വിഭീഷണ, നോക്കൂ, നോക്കൂ, ഭഗവാന്റെ പ്രസാദത്താൽ സമുദ്രം, അലയിളകാതെ നില്ക്കുന്നു.

വിഭീഷണൻ:—തിരുമേനി, ഇപ്പോൾ സമുദ്രം രണ്ടു വിധത്തിലായതുപോലെ കാണപ്പെടുന്നു.

രാമൻ:—ഹനുമാനെവിടെ?

ഹനുമാൻ:—തിരുമേനി ജയിച്ചാലും!

രാമൻ:—മുമ്പേ നടക്കൂ.

ഹനുമാൻ:—തിരുമേനിയുടെ കല്പനപോലെ.

(എല്ലാവരും ചുററിനടക്കുന്നു)

രാമൻ:—(നോക്കിയിട്ട് ആശ്ചര്യത്തോടെ) ഉണ്ണി ലക്ഷ്മണ, സ്നേഹിത വിഭീഷണ, മഹാരാജാവേ സുഗ്രീവ, സഖേ ഹനുമാനേ, നിങ്ങൾ നോക്കുവിൻ, നോക്കുവിൻ. അഹോ, സമുദ്രത്തിന്റെ വിചിത്രത! ഇതിങ്കലാകട്ടെ

ചിലേടംപൊങ്ങുംവെൺനുര; ചിലയിടം
മത്സ്യബഹളം;
ചിലേടംമിന്നും ശംഖണി; ചിലയിടം
കാർമുകിൽനിറം;
ചിലേടം കല്ലോലം; ചിലദിശികൊട്ടും-
നക്രപടലം;

Digitized By Kerala Sahitya Akademi

ചിലേടം ഭീമാംബുച്ചുഴി; ചിലയിടം
നിശ്ചലജലം. ൫൬

ഭഗവൽപ്രസാദത്താൽ സമുദ്രം കടന്നുകഴിഞ്ഞു.

ഹനുമാൻ:—തിരുമേനി, ഇതാ, ഇതാ, ലങ്ക.

രാമൻ:—(വളരെനേരം നോക്കിയിട്ട്) ഹാ, രാക്ഷസനഗരത്തി ൻെറ ലക്ഷ്മി ഉടനേ നശിച്ചുപോകുമല്ലോ.

വമ്പാളുന്ന മദീയബാണപതന-
ക്കാററാൽ ചെരിഞ്ഞും, ശരി-
യ്യെന്നെപ്പാട്ടം കപിസേനയാകിയ തിര-
ച്ചാർത്തിൻെറ തല്ലേററുമേ,
കമ്പിയ്ക്കും കടലിൽക്കിടന്നു തിരിയും
കപ്പൽക്കുനേരായ്ത്തക-
ന്നമ്പിപ്പോം, ദശകണ്ഠനാകുമമര-
ക്കാരൻെറ കുററത്തിനാൽ. ൫൭

സുഗ്രീവ, ഈ സുവേലപർവ്വതത്തിൽ സേനാനിവേശം ചെയ്യാം. (ഇരിക്കുന്നു)

സുഗ്രീവൻ:—തിഃരുമേനി കല്പിക്കുന്നതുപോലെ. നീല, ഇങ്ങിനെ ചെയ്യുക.

നീലൻ:—(പ്രവേശിച്ച്) മഹാരാജാവിൻെറ കല്പനപോലെ. (പോയി, പ്രവേശിച്ച്) തിരുമേനി, ജയിച്ചാലും! സൈന്യങ്ങളെ ക്രമേണ ഉഃറപ്പിച്ചു്, ഓരോ വകുപ്പിനേയും പരിശോധിച്ചു വരുന്നതിനിടയിൽ, പട്ടികയിലൊന്നും കാണാത്ത ഏതോ രണ്ടു വാനരന്മാരെ പിടിച്ചു നിർത്തിയിട്ടുണ്ടു്. എന്തു വേണമെന്നു് അടിയങ്ങൾക്കറിഞ്ഞുകൂടാ; ഇവിടുന്നുവേണം തീർച്ചയാക്കാൻ.

രാമൻ:—അവരെ വേഗത്തിൽ കൂട്ടിക്കൊണ്ടുവരിക.

Digitized By Kerala Sahitya Akademi

നീലൻ:— കല്പനപോലെ. (പോയി)

(പിന്നെ നീലനും, വാനരന്മാരാൽ കൈവിലങ്ങിട്ട് പിടിയ്ക്കപ്പെട്ട വാനരരൂപന്മാരായ ശുകസാരണന്മാരും പ്രവേശിക്കുന്നു)

വാനരന്മാർ:—എടാ, പറഞ്ഞോളിൻ, നിങ്ങളാരാണ്. പറഞ്ഞോളിൻ.

ശുകസാരണന്മാർ:—എജമാനനെ, ഞങ്ങൾ കുമുദനങ്ങുന്നിന്റെ ചേവകന്മാരാണ്.

വാനരന്മാർ:—സ്വാമി, ഇവർ കുമുദനങ്ങുന്നിന്റെ ചേവകന്മാരാണത്രെ.

വിഭീഷണൻ:—(ശുകസാരണന്മാരെ സൂക്ഷിച്ചുനോക്കിയിട്ട്)

ഇവരിങ്ങുനമ്മളുടെ സേനയിൽപ്പെട്ട–
ന്നവരല്ല; വാനരരുമല്ലതാനിവർ;
പകപൂണ്ടപംക്തിമുഖനാൽ നിയുക്തരാം
ശുകസാരണാഖ്യരധിരാശരാണിവർ. ൧൯

ശുകസാരണന്മാർ:—(ആത്മഗതം)അയ്യോ, കൊച്ചുതമ്പുരാൻ നമ്മെ അറിഞ്ഞുവല്ലോ? (പ്രകാശം) ആയ്യ്, ഞങ്ങളിരുവരും, രാക്ഷസരാജാവിന്റെ തകരാറുകൊണ്ടു രാക്ഷസകുലം നശിപ്പാൻ പോകുന്നതു കണ്ടിട്ട്, ഗത്യന്തരമില്ലായ്കയാൽ, ഇവിടത്തെ ആശ്രയിപ്പാനായി വാനരരൂപത്തിൽ വന്നതാണ്.

രാമൻ:—സഖേ, വിഭീഷണ, എന്താണ് ഭവാന്റെ അഭിപ്രായം?

വിഭീഷണൻ:—തിരുമേനി,

പംക്തികന്ധരനല്ലൊത്ത
മന്ത്രിമാരിവർ മന്നവ,
ലങ്കേശനെ വിട്ടാ പ്രാണ–
[illegible] ൨൦

Digitized By Kerala Sahitya Akademi

അതിനാൽ തിരുമേനി യഥായോഗ്യം ശിക്ഷ കല്പിച്ചാലും.

രാമൻ:—വിഭീഷണ, വേണ്ട, വേണ്ട.

ഇവരെദ്ദണ്ഡിപ്പിച്ചാ-
ലി,വനില്ലതുകൊണ്ടു മാത്രമൊരുലാഭം;
ഭേതാ രാക്ഷസരാജനു-
മില്ല;-തിനാൽ വിട്ടയച്ചേയ്ക്കു. ൨൧

ലക്ഷ്മണൻ:—വിടുകയാണെങ്കിൽ, ഇവർ പടകുടിയെല്ലാം കടന്നു കണ്ടിട്ടു മതി വിട്ടയക്കുക എന്നുകൂടി കല്പനയുണ്ടാകണം.

രാമൻ:—ലക്ഷ്മണൻ പറഞ്ഞതു ശരിയാണ്. നീല, ഇങ്ങിനെ ചെയ്തുകൊൾക.

നീലൻ:—തിരുമേനി കല്പിക്കുന്നതുപോലെ.

രാമൻ:—അല്ലെങ്കിൽ, വരിക.

ശുകസാരണന്മാർ:—ഇതാ, ഞങ്ങൾ.

രാമൻ:—ഞാൻ പറഞ്ഞതായി ആ രാക്ഷസേന്ദ്രനോടു പറയണം.

ദാരാപഹാരം മെച്ചയ്തതാർ താൻ
പോരാട്ടമേല്പിച്ചവനാം ഭവാനെ
നേരിട്ടുകാണ്മീലി,ഥ കാണുവാൻവ-
ന്നോരിപ്പിവൻ യുദ്ധവിരുന്നുകാരൻ! ൨൨

എന്ന്.

ശുകസാരണന്മാർ:—കല്പനപോലെ. (പോയി)

രാമൻ:—വിഭീഷണ, നമുക്കും പ്രധാന സൈന്യത്തെ പരിശോധിക്കാം.

വിഭീഷണൻ:—തിരുമേനിയുടെ ആജ്ഞപോലെ.

രാമൻ:—(ചുററിനടന്നു നോക്കിയിട്ട്) എയ്, ആദിത്യഭഗവാൻ അസ്തമിക്കാറായി. ഇപ്പോഴാകട്ടെ,

Digitized By Kerala Sahitya Akademi

അസ്താദ്രിതൻമുകളിലായ് വിലസുന്ന സന്ധ്യാ-
രക്താദരഛേന്ന, കിരണങ്ങൾ കുറഞ്ഞ സൂര്യൻ
ചട്ടറ്റൊരാനയുടെ ചെന്നിറമായിനെററി-
പ്പട്ടത്തിൽ മിന്നുമൊരു പൊൻകുമിളയ്ക്കുതുല്യം. ൨൩

[എല്ലാവരും പോയി]

നാലാമങ്കം കഴിഞ്ഞു.

——(0)——

## അഞ്ചാമങ്കം

(പിന്നെ ഒരു രാക്ഷസഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ:—ഛേ, ആരാണിവിടെ പ്രവാളതോരണദ്വാരത്തിൽ കാവൽ നിൽക്കുന്നതു്?

(വേറെ ഒരു രാക്ഷസൻ പ്രവേശിക്കുന്നു.)

രാക്ഷസൻ:—ആര്യ്യ, ഇതാ, ഞാനാണു്. എന്തുചെയ്യണം?

ഹരിക്കാരൻ:—ചെല്ലു, മഹാരാജാവിൻെറ കല്പനയാൽ വിദ്യുജ്ജിഹ്വനെ വിളിച്ചുകൊണ്ടുവരു.

രാക്ഷസൻ:—ആര്യ്യ, അങ്ങനെതന്നെ.

(പോയി)

ഹരിക്കാരൻ:—കഷ്ടം! കഷ്ടം! രാക്ഷസവംശത്തിൻെറ അഭ്യുദയം ക്ഷയിക്കുകയാൽ, എല്ലാം സാധനങ്ങളും മുടിഞ്ഞു്, വീരപുരുഷന്മാർ കൊല്ലപ്പെട്ടു്, താൻതന്നെയും പ്രാണസംശയത്തിൽ അകപ്പെട്ടിരിക്കുന്ന മഹാരാജാവിന്നു് ഇനിയും ബുദ്ധി തെളിയുന്നില്ലല്ലോ. ആരെങ്കിലും,

ഗ്രാഹക്രൂററർ നിറഞ്ഞ നീലജലമൊ-
ത്തു,ല്ലോലകല്ലോലക-

Digitized By Kerala Sahitya Akademi

വ്യൂഹംഭീകരമാംവിധം കരകളിൽ-
തല്ലുന്ന പാഥോധിയെ
ഹാഹന്താശ്രുകടന്നുകേറിയതു ക-
ണ്ടിട്ടും, കളത്രത്തെയ-
ദ്ദേഹത്തിന്നു തിരിച്ചു നൽകിയരിശം
തീക്കാതിരുന്നീടുമോ? ൧

എന്നുമാത്രമല്ല,

പ്രഹസ്തകുംഭകർണ്ണാദി
പ്രവീരന്മാരെ രാഘവൻ
കൊന്നൊടുക്കീപടയിലി-
ന്നിന്ദ്രജിത്തുമിറങ്ങിനാൻ. ൨

ഇങ്ങനെയൊക്കെയായിട്ടും,

നേരാം നയപ്പൊരുളിണങ്ങിയ മന്ത്രിവാക്യം
മാരാത്തികൊണ്ടു ഗണിയാതിഹ വീരമാനി
പോരാടുവാൻ തുനികയാണു; കൊടുത്തിടുന്നീ-
ലാ രാഘവർഷഭനു ജാനകിദേവിയാളെ. ൩

വിദ്യുജ്ജിഹ്വൻ:—(പ്രവേശിച്ച്) ആയുന്നു സുഖമല്ലയോ?

ഹരിക്കാരൻ:—വിദ്യുജ്ജിഹ്വാ, ചെല്ലൂ, മഹാരാജാവ് അരു ളിച്ചെയ്തപ്രകാരം, രാമലക്ഷ്മണന്മാരുടെ തലയു ണ്ടാക്കിക്കൊണ്ടു വരു.

വിദ്യുജ്ജിഹ്വൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയി)

ഹരിക്കാരൻ:—ഞാനും മഹാരാജാവിന്റെ അടുക്കൽ ചെ ല്ലട്ടെ. (പോയി)

വിഷ്കംഭം കഴിഞ്ഞു.

———:0:———

Digitized By Kerala Sahitya Akademi

(പിന്നെ രാക്ഷസിമാരാൽ ചുററപ്പെട്ട സീത പ്രവേശിക്കുന്നു)

സീത:—എന്താണ്, ആര്യപുത്രൻവന്നതിനാൽ ആഹ്ളാദപൂർണ്ണമായ എന്റെ മനസ്സിന്ന് ഇന്ന് ഒരാവേഗം തോന്നുന്നത്? ദുർന്നിമിത്തങ്ങളും കാണുന്നുണ്ട്. എന്നാലും, ഇപ്പോൾ മനസ്സിന്നു വലുതായ ഒരുൽക്കർഷം വർദ്ധിച്ചുവരുന്നു! എന്തായാലും, ഈശ്വരന്മാർ ശാന്തി വരുത്തട്ടെ!

(പിന്നെ രാവണൻ പ്രവേശിക്കുന്നു.)

രാവണൻ:—അരുതരുത്.

ഇത്തന്വിയെൻ പുരിവെടിഞ്ഞു ഗമിക്കയായീ,
പുത്തൻസിതാംബുരുഹമൊന്നുകരത്തിലുള്ളോൾ,
യുദ്ധത്തിലെന്നു വശയായ് മമ ലങ്കയന്നേ
വിത്തേശനെസ്സപദി വെന്നഥ ഞാൻപിടിച്ചോൾ. ൪

ഭദ്രേ, നിൽക്ക, നിൽക്ക, പോകരുത്. എന്തു പറയുന്നു—'ഞാൻ നിന്നെ വിട്ട് രാമന്റെ അടുക്കൽ പോകയാണ്' എന്നോ? ഉം, മറന്നു പോ!

ഹഠാൽത്താൻപിടിച്ചേൻ, നിധിസ്വാമിതൻപാ-
ർപ്പിടത്തിങ്കൽവെച്ചുന്നിന്നെസ്സ്വയം ഞാൻ;
ഹഠാൽത്താൻപിടിച്ചീടുവൻനിന്നെ വീണ്ടും
പടപ്പോരിലാരാമനെക്കൊന്നുവീഴ്ത്തി. ൫

ഇവളെന്തിനാണ്. സീതയെത്തന്നെ പ്രലോഭിപ്പിക്കാം.

(കാമാവേശം നടിച്ച്) അമ്പോ, പുഷ്പധന്വാവിന്റെ നിസ്തുലമായ ബലം! എന്തെന്നാൽ,

ഓർക്കാതായ് നിശി നിദ്രയേമിഴികൾമേ
സീതാമുഖം കാൺകയാൽ;
നോക്കാതെക്കൃശമായ് വിളർത്തിതുടലും
തൽസ്സംഗസൗഖ്യാശയാൽ;

Digitized By Kerala Sahitya Akademi

ഏൽക്കാവല്ല മനോജ്ഞമാസ്തനിരയാൽ
താറുന്ന താപം; തുലോം
തോൽക്കാറായ് മലരമ്പനോടഹഹ! ദ്ര-
പ്പാർ വെന്ന ലങ്കേശ്വരൻ. ൩൩

(അടുത്തുചെന്നിട്ട്)

പൊയ്ത്താർപലാശമിഴി, ജാനകി, സന്ത്യജിക്ക
മർത്ത്യങ്കലുള്ള രതി നീ മമ ചിത്തനാഥേ;
യുദ്ധേ മദസ്ത്രഹതികൊണ്ടു സലക്ഷ്മണൻ നിൻ-
ചിത്തേശനിപ്പൊഴുതിൽ വീഴ്‌വതു കണ്ടുകൊൾക. ൬

സീത:—ഛീ, മൂഢനാണ് കെട്ട രാവണൻ; മന്ദരത്തെ കൈകൊണ്ടെടുക്കാനാണല്ലോ ഇവൻ കൊതിക്കുന്നത്!

ഒരു രാക്ഷസൻ:—(പ്രവേശിച്ച്) മഹാരാജാവു സർവോൽക്കർഷേണ വർത്തിച്ചാലും!

ഇതാ, നൃപാലാത്മജരാ-
നരന്മാർ തൻ ശിരസ്സുകൾ,
ത്വൽപ്രീതിക്കടരിൽകൊല്ലു-
തമ്പുരാൻ കൊടുത്തയച്ചവ. ൨

രാവണൻ:—സീതേ, നോക്ക, നോക്ക, ആ മനുഷ്യരുടെ തലകൾ.

സീത:—ഹാ! ആര്യപുത്ര—(എന്നു മൂർച്ഛിച്ചു വീഴുന്നു)

രാവണൻ:—

പരമവസിതജീവകാലനാമീ
നരനിൽമനോമതികൈവെടിഞ്ഞുസീതേ,
വിരവിനൊടവിശാലലോചനേ,നീ-
യുരപെരുകീടിനലക്ഷ്മിനേടിയാലും! ൯

സീത:—(ബോധംപൂണ്ടിട്ട്) ഹാ, ആര്യപുത്ര, തൂണം തിരണ്ട പുതിയ താമരപ്പൂവുപോലുള്ള മുഖങ്ങൾ കണ്ണു-



Digitized By Kerala Sahitya Akademi

ളുറിച്ചവയായി കണ്ടുംകൊണ്ടിരിക്കുന്ന മന്ദഭാഗ്യയായ ഞാൻ മഹാ ധൈര്യവതിതന്നെ! ഹാ, ആര്യപുത്ര, എന്നെ ഈ ദുഃഖസമുദ്രത്തിൽ തള്ളിക്കളഞ്ഞുംവെച്ച് ഭവാൻ എങ്ങോട്ടുപോയി? ഞാൻ ചാകുന്നില്ലല്ലോ! ഇതു വ്യാജമായിരിക്കുമോ? ഭദ്ര, ഏതു വാളുകൊണ്ടാണോ, ആര്യപുത്രന്ന് അനുരൂപമല്ലാത്തതു ചെയ്തത്; അതുകൊണ്ടുതന്നെ എന്നേയും കൊല്ലേണമേ!

രാവണൻ:—

അന്നരാധിപനെയും സഗർഭ്യനാ-
കുന്ന ലക്ഷ്മണനെയും രണാന്തരേ
കൊന്നുപോയ്‌നിയതമിന്ദ്രജിത്തുതാൻ;
വന്നുനിന്നെ വിടുവിക്കമാരിനി? ൧൭

[അണിയറയിൽ]

രാമൻ, രാമൻ—

സീത:---നീ ദീർഘായുസ്സായിരിക്കുക.

ഒരു രാക്ഷസൻ:—(പ്രവേശിച്ച്) രാമൻ, രാമൻ—

രാവണൻ:— എന്തെന്ത്, രാമൻ എന്നോ?

രാക്ഷസൻ:—മഹാരാജാവു പ്രസാദിക്കണേ, പ്രസാദിക്കണേ! അടിയന്തരവൃത്താന്തം ഉണർത്തിപ്പാനുള്ള ബദ്ധപ്പാടുനിമിത്തം സമയം നോക്കാതിരുന്നതാണ്.

രാവണൻ:—പറയുക, പറയുക, എന്തുചെയ്തു മനുഷ്യതാപസൻ?

രാക്ഷസൻ:—കല്പിച്ചു കേൾക്കണം:

വൻകൈക്കരുത്തുമുരംപേറിയ നെഞ്ഞുറപ്പും
അംകുന്നരാമനിഹ ലക്ഷ്മണനോടുകൂടി
ലങ്കേശനായ തിരുമേനിയെയും ഗണിക്കാ-
തുങ്കേറി നിന്മകനെയാശു കൊലപ്പെടുത്തി. ൧൮

Digitized By Kerala Sahitya Akademi

രാവണൻ:—അമ്പോ, യുദ്ധഭീരുവായ ദുഷ്ട,

ആരോടിന്ദ്രാദി ദേവന്മാർ
തോററു പിന്മാറി ദൈത്യരും;
ഇന്ദ്രജിത്താമവനെയും
മാനുഷൻ യുധി കൊൽകയോ? ൫൨

രാക്ഷസൻ:—മഹാരാജാവു പ്രസാദിക്കണേ, പ്രസാദിക്കണേ! തൃപ്പാദസന്നിധിയിൽ, കൊച്ചുതമ്പുരാനെക്കുറിച്ചു വ്യാജം ഉണർത്തിക്കുകയല്ല.

രാവണൻ:—ഹാ, ഉണ്ണി, മേഘനാദ—(മൂർഛിച്ചുവീഴുന്നു)

രാക്ഷസൻ:—മഹാരാജാവേ, ആശ്വസിച്ചാലും, ആശ്വസിച്ചാലും!

രാവണൻ:—(ഖേദംപൂണ്ട്)

ഹാ വത്സ, സർവ്വഭുവനജ്വരദാസ്ത്രവേദിൻ,
ഹാ വത്സ,നാമിതഃപിപുത്രജ, ശക്രജിത്തേ,
ഹാ വത്സ, വീര, ഗുരുവത്സല, യുദ്ധശൂര,
ഹാ വത്സ, നീയിവനെ വിട്ടിഹ പോയതെന്തോ! ൫൩

(എന്നു വീണ്ടും മൂർഛിക്കുന്നു)

രാക്ഷസൻ:—അയ്യോ, കഷ്ടം! ലോകം മൂന്നും ജയിച്ച ലങ്കേശ്വരൻ ദുർവ്വിധിയാൽ ഈ നിലയിലായിപ്പോയല്ലോ! മഹാരാജാവേ, ആശ്വസിച്ചാലും, ആശ്വസിച്ചാലും!

രാവണൻ:—(ആശ്വസിച്ചിട്ട്) ഇനി, അനർത്ഥങ്ങൾക്കു കാരണഭൂതയായ സീതയും, ലോകം മൂന്നും ജയിച്ചിട്ടും നിഷ്ഫലയായിത്തീന്ന ഈ അസ്ഥിരലക്ഷ്മിയും എന്തിനാണ്? എടോ, കൃതാന്തഹതക, നീ ഇപ്പോഴും ഭയപ്പെട്ടു നിൽക്കയാണോ?

ഇത്രനേരവുമുണ്ണിയിന്ദ്രജി-
ത്തൊട്ടു ക്രുടാതെയിതാ, ദശാനനൻ

Digitized By Kerala Sahitya Akademi

ഉയിർപേറിയിരുന്നിട്ടുന്നഹാ
വിഗതസ്നേഹകഠോരമാനസൻ! ൧൯

[എന്നു മൂർഛിച്ചു വീഴുന്നു]

**രാക്ഷസൻ:**—അല്പയോ രാക്ഷസവീരന്മാരെ, തിരുമേനി ഈ നിലയിലായാൽ, അകത്തെ മതിൽക്കെട്ടിൽ കാവൽ നിൽക്കുന്ന നിങ്ങൾ സൂക്ഷിച്ചുകൊള്ളണേ!

(അണിയറയിൽ)

ഹേ, ഹേ, പ്രഹസ്തൻ, നികുംഭൻ, കുംഭകർണ്ണൻ, ഇന്ദ്രജിത്ത് എന്നിവർ മുന്നണിയിൽവെച്ചു വധിക്കപ്പെട്ടതിനാൽ ഹാനി സംഭവിച്ചുപോയ സൈന്യസമുദ്രത്തിൽ നിന്നു ഭയപ്പെട്ടു പിൻവാങ്ങുന്ന രാക്ഷസവീരന്മാരേ, നിരന്തരമായി ദേവയുദ്ധങ്ങളിൽ വിജയം നേടിയ നിങ്ങൾ പേടിച്ചോടുന്നതു ശരിയല്ല—വിശേഷിച്ചും, ലോകമെല്ലാം ജയിച്ചു കീർത്തിപ്പെട്ട ഇരുപതു തൃക്കൈകളോടുകൂടിയ സ്വാമി ലങ്കേശ്വരൻ ജീവിച്ചിരിക്കെ.

**രാവണൻ:**—(കേട്ടിട്ട് അമർഷത്തോടെ) ചെന്നു, വീണ്ടും വർത്തമാനമറിയുക.

**രാക്ഷസൻ:**—കല്പനപോലെ. (പോയി പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

ഇതാ, രാമൻ

ഹുങ്കാലങ്ങളെ മാനിയാതെ ചിരിയാൽ
നേത്രംവിടുർത്തിഛന്ന-
സ്സിങ്കൽ ബാണമയച്ചു,വാനരഗണം
ചുഴെച്ചുഴന്നങ്ങിനെ,
നിൻകല്യാത്മജനെപ്പടത്തലയിലായ്
വീഴിച്ചതിൻശേഷമീ

Digitized By Kerala Sahitya Akademi

ലങ്കയ്ക്കാധരണയുന്നമന്നവ ദർപ്പി-
പ്പിക്കുന്നതിന്നാംവിധം. ൫൨

രാവണൻ:—(പെട്ടെന്നെഴുന്നേററു കോപത്തോടെ) അവനെവി
ടെ, അവനെവിടെ? (വാളെടുത്തിളക്കിക്കൊണ്ട്)

ആ വജ്രായുധകുംഭികുംഭഫലകം
വെട്ടിപ്പൊളിച്ചുള്ളതാ-
മീവൻവാളരിശത്തിനററബലിയായ്-
നിന്നെസ്സമപ്പിക്കമേ;
ആവുംപോലിഹ കാത്തിടട്ടെ സുരരി-
ന്നെ;—ൻകയ്യിൽനിന്നെങ്ങുവാൻ
പോവും? ക്ഷുദ്ര, നികൃഷ്ടതാപസ, നില-
ക്കൊള്ളൂ നിലക്കൊള്ളൂ നീ! ൫൩

രാക്ഷസൻ:—തിരുമേനി, അതിസാഹസം വേണ്ട.

സീത:—അനിഷ്ടവും, അനർഹവും, അനാവശ്യവും ആ
ചരിയ്ക്കുന്ന രാവണന്ന് അധികം വൈകാതെ മ
രണം പററും.

രാവണൻ:—ഇവരു കാരണമായിട്ട്, ഭ്രാതാക്കന്മാരും മക്ക
ളും ബന്ധുക്കളുമായി എനിക്കു വളരെപ്പേർ കൊ
ലപ്പെട്ടുപോയി. അതിനാൽ ഞാൻ ശത്രുവിങ്കൽ
ആസക്തമായിരിക്കുന്ന ഇവളുടെ ഹൃദയം പിളന്ന്,
കുടർമാല വലിച്ചെട്ടുത്തണിഞ്ഞിട്ട്, രണ്ടു മനുഷ്യരോ
ടുക്കൂടിയ വാനരസൈന്യത്തെ മുഴുവൻ ഇടിവാളിന്നൊ
ത്ത വാൾകൊണ്ടു വെട്ടി മുറിച്ചുകളയാം.

രാക്ഷസന്മാർ:—മഹാരാജാവു് പ്രസാദിക്കണേ, പ്രസാദിക്ക
ണേ! ഇനിയും ശത്രുബലടപ്പത്തെക്കുറിച്ചു വെറുതെ
നിരന്തരപ്രയത്നം ചെയ്യേണ്ട. സ്ത്രീവധമോ തീച്ച
യായും ചെയ്യരുതു്.

രാവണൻ:—എന്നാൽ തേർ കൊണ്ടുവാ.

രാക്ഷസൻ:—കല്പനപോലെ. (പോയി പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! ഇതാ തേർ.

രാവണൻ:—(തേരിൽ കേറിയിട്ട്)

സ്വാരാജ്യക്കാർ ചുറവുമേ കൂടിയാലും,
നേരായ് സ്സീതേ,രാമനെസ്സാമ്പ്രതം തേ,
നേരിട്ടെൻവില്ലെയ്യ കൂട്ടുന്നക്രൂര-
മ്പേറിക്കീറിക്കൊണ്ടമാറൊത്തുകാണാം. ൧൭

[രാവണൻ പരിവാരങ്ങളോടുകൂടി പോയി]

സീത:—ഈശ്വരന്മാരേ, ഞാൻ എന്റെ വംശത്തിനനുരൂപമായ ചാരിത്രത്തോടുകൂടി ആര്യപുത്രനെ അനുവൎത്തിക്കുന്നുണ്ടെങ്കിൽ, ആര്യപുത്രനു വിജയം സിദ്ധിക്കണമേ! (പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

## ആറാമങ്കം

(പിന്നെ മൂന്നു വിദ്യാധരന്മാർ പ്രവേശിക്കുന്നു)

എല്ലാവരും:—ഹേ, ഇതാ നമ്മൾ; ഇതാ നമ്മൾ.

ഒന്നാമൻ:—

ഇക്ഷ്വാകുവംശ വിപുലോജ്ജ്വല കേതുവാകും

രണ്ടാമൻ:—

പൌലസ്ത്യഹിംസയിലൊരുങ്ങിയ രാഘവന്റെ

മൂന്നാമൻ:—

പോർകാണുവാൻ കരളിലാണ്ട കുതൂഹലത്താൽ

എല്ലാവരും:—

വന്നെത്തി നമ്മൾ തുഹിനാദ്രിയിൽ നിന്നമന്ദം. ൧

Digitized By Kerala Sahitya Akademi

**ഒന്നാമൻ:**—ചിത്രരഥ, ഇതാ, ദേവദേവർഷി സിദ്ധവിദ്യാധരപ്രമുഖന്മാർ ആകാശത്തു തിക്കിത്തിരക്കി നിൽക്കുന്നു; അതിനാൽ നമുക്ക് ഇവരുടെ കൂട്ടത്തിൽ ചേരാതെ ഒരു വിജനസ്ഥലത്തു സുഖമായി നിന്നു രാമരാവണന്മാരുടെ യുദ്ധം കാണാം.

**ഇരുപേരും:**—അങ്ങനെതന്നെ. (ആവിധം ചെയ്തിട്ട്)

**ഒന്നാമൻ:**—അമ്പോ, ഈ ഘോഷങ്ങളും കണ്ടാൽ പേടിയാവും. ഇവിടെയാകട്ടെ,

സ്ഫാരാസിനക്രനിരചേർന്നു, നിശാചരാംഗ-
നീരാൽ നിറഞ്ഞു, കപിവീചികളോടുകൂടി,
ശ്രീരാമചന്ദ്രശരരശ്മിയിൽ 'വേലിയേറി'
വാരാശിപോലെ വിലസുന്നു രണപ്രദേശം. ൮

**രണ്ടാമൻ:**—ശരിതന്നെ.

ക്രോധിച്ചദ്രിമരങ്ങളാൽ തലചത-
ച്ചുന്മുഷ്ടിയാൽ കുത്തിയും,
പാദേവാൽചെവിപൊങ്ങമൂർച്ഛിതകപീ-
ന്ദ്രന്മാർവധിച്ചിട്ടിതാ,
കണ്ഠം ഞെക്കലിൽവട്ടകണ്ണുകൾ തുറി-
ച്ചോഷ്ഠംകടിച്ചുഗ്രമാം
വക്ത്രംപൂണ്ടിഹ വീണു രാക്ഷസഗണം
വജ്രാഹതാദ്രിപ്രഭം. ൯

**മൂന്നാമൻ:**—ഇതും നിങ്ങൾ കാണേണ്ടതാണ്.

ചൊടിച്ചു വിരിവാന്നകണ്ണിണയൊ-
ടൊത്തു, വെൺദംഷ്ട്രയും
കടിച്ചു, കരിവാർമുകിൽ പ്രഭ തി-
രണ്ട രക്ഷസ്സുകൾ

Digitized By Kerala Sahitya Akademi

കടഞ്ഞു തെളിവാളുമായ് കപിബല-
ലങ്ങളെക്കൊല്ലുവാൻ
തുടൻഴറി വാ തുറന്നെതിരി-
ട്ടന്നിതെയാട്ടമേ. ൮

ഒന്നാമൻ:—— അയ്യോ,
പേത്തും വിട്ടന്നു കണ മക്കടരിൽക്ഷപാടർ;

രണ്ടാമൻ:——
വീഴ്ത്തുന്നു കുന്നുകളരക്കരിൽ മക്കടന്മാർ;

മൂന്നാമൻ:——
മുഷ്ടിപ്രഹാരമൊട്ടമുട്ടിടിയും മുഴത്തു

എല്ലാവരും:——
മൂററം രണം ഹഹ! ഭയങ്കരമായിത്തുടർന്നു. ൯

ഒന്നാമൻ:——നിങ്ങഠം രാവണനെ നോക്കുവിൻ:
ചാരുപ്പൊൻപിടിയിട്ടവേലിനെയുല-
യ്ക്കുന്നു, വെളുപ്പാം നിറം
ചേരും ഓഷ്ഠ കടിച്ചു കൊണ്ടിഹതെളി-
പ്പിക്കുന്നു തേരജ്ഞസാ,
താരശ്രേണിചുഴന്നപൂണ്ണശശിയെ-
പ്പൂവാദ്രിയിൽക്കാണുമ-
ന്നേരം രാഹുകണക്കു രാമനെനിരീ-
ക്ഷിച്ചിട്ടമഷാഢ്യനായ്. ൧൦

രണ്ടാമൻ:——നിങ്ങഠം രാമനേയും നോക്കുവിൻ:
നേരേ ചാപക്കൊടിയിടതുകൈ
കൊണ്ടുകത്തിപ്പിടിച്ചി-
ട്ടേ,റെച്ചെല്ലുമെല്ലാരു കണ വലം-
കയ്യിനാലെ ചുഴററി,
പോരിൽത്തോരാണ്ടെഴമരിയെയും
നോക്കിമന്നിലാൽ നിൽപ്പൂ

Digitized By Kerala Sahitya Akademi

വീരൻ: ക്രൌഞ്ചപ്രവരഗിരിയെ-
കാൎത്തികേയൻകണക്കേ. ൭

മൂന്നാമൻ:—അമ്പമ്പൊ,
ലങ്കാധിപൻ ചാൎത്തിയ കാലമൃത്യു-
സങ്കാശമാം വേലിതു രാമഭദ്രൻ
രണ്ടായ്മുറിച്ചാൻ മൃദുവായ്ച്ചിരിച്ചും-
കൊണ്ടാശ്ശു കോദണ്ഡികളിൽപ്രശസ്തൻ! ൮

ഒന്നാമൻ:—വേൽ പാഴിൽ വീണതായിക്കണ്ടു
കോപാൽക്കണ്ണുവിടൎന്നിതാ-
രാമങ്കലമ്പു തൂകുന്നു
പേമഴയ്യെപ്പോത്തു രാവണൻ. ൯

രണ്ടാമൻ:—അഹോ, രാമന്റെ ഭംഗി!
രാവണാഭ്രത്തിൽ നിന്നോലു-
മീവൻവിശിഖമാരിയെ
അഴകായ് രാമനേൽക്കുന്നു
മഴയെക്കാളപോലലേ. ൰

മൂന്നാമൻ:—ഇതാ, ഇദ്ദേഹം
ക്രൂരമാകിയപൊന്നണിക്കല-
വില്ലുയൎത്തിയരിദ്രുതം
ഘോരസായകരാജിയെച്ചിത-
റിച്ചുകൊണ്ടടർമുന്നിലായ്
തേരിലാണ്ടന്നയും ദശാസ്യനൊ-
ടേല്പുകാൽനടയായ്: മദം
പേറിടും കൊലയാനയോടെകിർ*-
ക്രുൎത്ത കേസരിപോലവേ. ൰൧

* എകിർ=ദംഷ്ട്ര.

Digitized By Kerala Sahitya Akademi

**എല്ലാവരും:**—എയ്, ഇവിടം ഒരു പ്രഭകൊണ്ടു കത്തിയെരിയുന്നമട്ടിലായല്ലൊ; ഇതെന്തായിരിക്കാം!

**ഒന്നാമൻ:**—ശരി, യുദ്ധം ഒരേമട്ടിൽ നില്ക്കുന്നതിൽ ശങ്കിതനായ ദേവേന്ദ്രൻ, മാതലി തെളിക്കുന്ന തേരയച്ചിരിക്കയാണു്.

**രണ്ടാമൻ:**—രാമൻ അടുത്തുചെന്ന മാതലിയെക്കണ്ടിട്ടു്, അദ്ദേഹം പറകയാൽ തേരിൽ കയറി.

**മൂന്നാമൻ:**—ഇതാ,

സുരപ്രവര,പംക്തിതൻ വിജയഗ-
 ർവ്വിനാചാര്യനായ്-
പ്പുരംദിതിതനൂജർ തൻകഥകഴി-
 പ്പതാംതേരിതിൽ
അരക്കരെമുടിച്ചുകൊൾവതിനു ലാ-
 ലസിക്കുന്നതേ:
പുരത്രയഹതിക്കു പണ്ടു ചലകാ-
 ർമ്മുഖൻ പോലവേ. ൧൨

**ഒന്നാമൻ:**—അമ്പോ, യുദ്ധം കേമമായിക്കഴിഞ്ഞു.

സുവിശിഖക്ഷപിതോഗ്ര ശരൌഘമാം
നൃവരകർബ്ബുരർ തൻപടകണ്ടിതാ,
പ്ലവഗരാക്ഷസസൈനികർ നില്പുമായ്
വിവിധശസ്ത്രവിസർജ്ജനമെന്നിയെ. ൧൩

**രണ്ടാമൻ:** —അമ്പമ്പോ,

തരത്തിൽ വട്ടം തിരിവോര,സംഖ്യമായ്-
ശ്ശരംപൊഴിപ്പോരിവർ തേരിലാണുവർ,
ധരിത്രിവേകം കതിർ തൂകിയംബരേ
ചരിച്ചിടും രണ്ടു ദിനേശർപോലെ താൻ. ൧൪

**മൂന്നാമൻ:**—നിങ്ങൾ രാവണനെ നോക്കുവിൻ:

Digitized By Kerala Sahitya Akademi

കതിച്ചു കയറും കൊട്ടംകണ-
കളാൽ തുരംഗങ്ങളെ-
ച്ചതച്ചു, ബലവായ്പിനാൽ ധ്വജ-
വുമെയ്തു പൊട്ടിച്ചുടൻ,
അതുല്യശരവൃഷ്ടി ചെയ്തതി-
ഭയം പെട്ടംവണ്ണമായ്
നദിച്ചു നരദേവനെപ്പരി-
ഹസിക്കയും ചെയ്വുത. ൧൪

**മൂന്നാമൻ:**—ഇതാ രാമൻ,

നിൽപ്പൂന്നിക്കരുതായ മെയ്യൊട്ടകറ-
ഞ്ഞൊന്നാശ്വസിച്ചൂഴിപൻ
കെല്പേറും കണപാത്ത്, മാതലി ശരി-
ക്കൊപ്പിക്കയാൽ വീഴ്വവാൻ
ക്ഷിപ്രംകോപവിപാടലാക്ഷിയുഗനായ്
മദ്ധ്യാഹ്നസൂര്യാഭനായ്,-
ച്ചൊല്പൊങ്ങും നൃവരൻ പിതാമഹമഹാ-
സ്ത്രത്തെ മത്താട്ടത്തീടിനാൻ. ൧൫

**രണ്ടാമൻ:**—ഈ അസ്ത്രം,

കട്ടമുനയിലിനാഗ്നിദേവരുള്ളോ-
ന്നടവൊട്ടരാഘവനാഞ്ഞുവിട്ടവാറെ
അടരിൽ നിശി പരപ്രമാണിയെക്കൊ-
ന്നുടനെമടങ്ങിവരുന്നു രാമനിൽത്താൻ. ൧൬

**എല്ലാവരും:**—ഹാ, രാവണൻ വീണുപോയി!

**ഒന്നാമൻ:**—

അരക്കർകോനെക്കൊലചെയ്തതായ്ക്ക-
ണ്ടമരം പൊഴിക്കുന്നിതു പുഷ്പവർഷം;

Digitized By Kerala Sahitya Akademi

ഒരുച്ചഘോഷത്തൊടിതാ, നിലിമ്പ-
പ്പെരുമ്പറകൊട്ടു മുഴങ്ങിടുന്നു. ൮

രണ്ടാമൻ:— അതുകട്ടെ; ദേവകാൎയ്യം നിറവേറിക്കഴിഞ്ഞതല്ലോ.

ഒന്നാമൻ:—അതിനാൽ വരിക. നമുക്കും സൽഘിതനായ രാമനെ സംഭാവനം ചെയ്യാം.

രണ്ടുപേരും:—അങ്ങിനെതന്നെ, ഉത്തമപക്ഷം.

(എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

——0——

(പിന്നെ രാമൻ പ്രവേശിക്കുന്നു)

രാമൻ:—

യുദ്ധത്തിൽ ദശകണ്ഠനെക്കൊടിയൊര-
മ്പെയ്തിന്നു കൊന്നേൻ ബലാൽ,
ശുദ്ധാത്മാവു വിഭീഷണന്നതകിനേ-
നൈശ്വൎയ്യമീവണ്ണമായ്
* ഉത്സന്നാചരിതപ്രതിശ്രവമഘാം-
ഭോരാശിനീന്തിക്കട-
ന്നസ്സീതയ്ക്കുഴലാറവാൻപ്രിയരുമായ്-
പ്പോകുന്നു ലങ്കയ്ക്കു ഞാൻ. ൯

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠ, ജയിച്ചാലും! ജ്യേഷ്ഠ ഇതാ, ജ്യേഷ്ഠത്തി ജ്യേഷ്ഠന്റെ അടുക്കലേയ്ക്കു വരുന്നു.

രാമൻ:—ഉണ്ണി, ലക്ഷ്മണ,

അഗ്നിയിലെക്കാളി,പ്പൊഴ-
തരിനിലയേവാണസീതയെക്കാൺകിൽ
ഒരുമന്യുവന്നുദിച്ചെൻ-
കരളിൻധൈൎയ്യത്തിനെത്തടുത്തേയ്ക്കാം. ൧൦

* ഉത്സന്നം (ഉന്നം) ഏറിയവരാൽ ആചരിക്കപ്പെട്ട ഉൾക്കടങ്ങളായ പ്രതിജ്ഞകൾ വ്യാപിക്കപ്പെട്ട ഏറ്റം പ്രതിജ്ഞയാകുന്ന വൻകടൽ.

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ കല്പനപോലെ. (പോയി)

വിഭീഷണൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

ഇതാ, വിഭോ, നിൻകുലപത്നി, നിൻക-
യ്യൂക്കാലെ മാലററവർ, നിൻപ്രസാദാൽ,
പുരാസുരാമിത്രരിൽനിന്നൊഴിഞ്ഞു
പൂമാതുപോലിങ്ങെഴുന്നള്ളിടുന്നു. ൨൧

രാമൻ:—വിഭീഷണ, രാക്ഷസൻ തീണ്ടിയതിനാൽ ദോഷപ്പെട്ട്, ഇക്ഷ്വാകുകുലത്തിന്ന് ഒരു കളങ്കമായിത്തീന്നവർ അവിടെത്തന്നെ ഇരുന്നുകൊള്ളട്ടെ. ലങ്കേശ്വര, ദശരഥരാജാവായ അച്ഛനെ വിചാരിച്ചാൽ, എന്നെ കാണ്മാൻ പാടില്ല. അത്ര തന്നെയല്ല,

അകാര്യവിഷയത്തിൽപോയ്
മുഴുകുന്നോനെ മന്നവ,
തട്ടുക്കമാരററൻമിത്രം;
മറിച്ചുള്ളോനമിത്രമാം. ൨൨

വിഭീഷണൻ:—കല്പിച്ചു പ്രസാദിക്കണം!

രാമൻ:—ഭവാൻ ഇതിലധികം ശല്യപ്പെട്ടുത്തരുത്.

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠ ജയിച്ചാലും! ജ്യേഷ്ഠന്റെ അഭിപ്രായം കേട്ടിട്ട് ജ്യേഷ്ഠത്തി അഗ്നിപ്രവേശത്തിന്ന് അനുവാദം കാത്തുനിൽക്കയാണ്.

രാമൻ:—ലക്ഷ്മണ, ആ പതിവ്രതയ്ക്ക് വേണ്ടതു ചെയ്തുകൊടുത്തേയ്ക്കു.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ കല്പനപോലെ. (ചുററി നടന്നിട്ട്) ഹാ! കഷ്ടം!

ജ്യേഷ്ഠത്തിതൻശുദ്ധി ധരിക്കയാലും
ജ്യേഷ്ഠന്റെയിക്കല്പനകേൾക്കയാലും

Digitized By Kerala Sahitya Akademi

ഊഞ്ഞാലുപോലായ്ച്ചമയുന്നു, ധമ്മ-
സ്നേഹങ്ങൾതൻമദ്ധ്യഗമെന്റെചിത്തം. ൨൩

ആരവിടെ?

ഹനുമാൻ:—(പ്രവേശിച്ച്) കൊച്ചുതമ്പുരാൻ ജയിച്ചാലും!

ലക്ഷ്മണൻ:—ഹനുമാനേ, ഭവാനു കഴിവുണ്ടെങ്കിൽ—ജ്യേഷ്ഠൻ ഇപ്രകാരം ആജ്ഞാപിക്കുന്നു.

ഹനുമാൻ:—ഇതിൽ കൊച്ചുതമ്പുരാൻ എന്തു വിചാരിക്കുന്നു?

ലക്ഷ്മണൻ:—എന്റെ വിചാരംകൊണ്ടു പ്രയോജനമില്ല. ജ്യേഷ്ഠന്റെ അഭിപ്രായം അനുസരിക്കുന്നവരാണല്ലൊ നമ്മൾ. നമുക്കു പോവാം.

ഹനുമാൻ:—കൊച്ചുതമ്പുരാൻ ആജ്ഞാപിയ്ക്കുന്നപോലെ.

(രണ്ടുപേരും പോയി)

ലക്ഷ്മണൻ:—(പ്രവേശിച്ച്) ജ്യേഷ്ഠൻ പ്രസാദിച്ചാലും! ജ്യേഷ്ഠ, ആശ്ചയ്യമാശ്ചയ്യം! ഇതാ ജ്യേഷ്ഠത്തി,

സംഫുല്ലാംബുജദളമാലപോലെയുള്ളോരാൾ,
തൻപ്രാണസ്പൃഹയെവെടിഞ്ഞു, നിൻപ്രയത്നം
സമ്പ്രത്യുജ്ഝിതഫലമാക്കിവീഴ്വതിയ്യിൽ:-
ച്ചെമ്പൊയ്ത്താർനിരയിൽ മരാളിപോലെമന്ദം. ൨൪

രാമൻ:—ആശ്ചയ്യം, ആശ്ചയ്യം! ലക്ഷ്മണ, തടുക്കു, തടുക്കു.

ലക്ഷ്മണൻ:—ജ്യേഷ്ഠന്റെ കല്പനപോലെ.

ഹനുമാൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

എരിവഹ്നിയിൽ നിന്നിതാ, നിറം
പെരുകും കാഞ്ചനമാലപോലവേ,
പരിപാവനി പാവകങ്കലാ-
ണ്ടൊരുകേടും പിണയാതെ കേറിനാൾ. ൨൫

രാമൻ:—(ആശ്ചയ്യത്തോടെ) എന്ത്, എന്ത്!

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ:—അമ്പോ, ആശ്ചര്യം!

സുഗ്രീവൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

ആരായിരിക്കാമിത,*സുവ്യപായം
ചേരാതെഴുംമൈഥിലമങ്കയാളെ
പാരാതെകൈക്കൊണ്ടെരിതിയ്യിൽനിന്നി-
ട്ടാരാധ്യരൂപത്തൊടുയൻവന്നാൻ? ൨൩

ലക്ഷ്മണൻ:—എയ്, ഇതാ, ജ്യേഷ്ഠത്തിയെ മുൻനടത്തി അഗ്നിഭഗവാൻ ഇങ്ങോട്ടെഴുന്നെള്ളുന്നു.

രാമൻ:—എയ്, ഇതാ, ഭഗവാൻ ഹുതാശനൻ. നാം അടുത്തുചെല്ലുക.

(എല്ലാവരും അടുത്തുചെല്ലുന്നു)

(പിന്നെ സീതയേയുംകൊണ്ട് അഗ്നി പ്രവേശിക്കുന്നു.)

അഗ്നി:—ഇതാ, ഭഗവാൻ നാരായണൻ, ദേവൻ ജയിച്ചാലും!

രാമൻ:—ഭഗവാനേ, അങ്ങയ്ക്കു നമസ്കാരം.

അഗ്നി:—ദേവേശൻ എന്നെ നമസ്കരിച്ചുകൂടാ.

ഇതാ, കൈക്കൊൾക രാജേന്ദ്ര,
ശുദ്ധയായ് സർവവന്ദ്യയായ്
അപാപയായക്ഷതയാം
സീതയെപ്പുരുഷോത്തമ! ൨൪

അത്രതന്നെയല്ല,

അരിയപൂമകളാകിയ ദേവിയാ-
ണറിയുകിജ്ജനകന്റെ കുമാരിയാൾ;
അവൾ മനുഷ്യശരീരമെടുത്തുപോ-
ന്നനുസരിച്ചു യഥോചിതമങ്ങയെ. ൨൫

രാമൻ:—ഞാൻ അനുഗൃഹീതനായി.

---

*സുവ്യപായം=പ്രാണനാശം.

Digitized By Kerala Sahitya Akademi

അതിശുദ്ധവിദേഹപുത്രിയെ-
ന്നതുനന്നായറിവുള്ളതെങ്കിലും
ഹുതവാഹന, ലോകർ വിശ്വസി-
പ്പതിനായിങ്ങിനെചെയ്തതാണുഞാൻ. ൨൬

(അണിയറയിൽ ദിവ്യഗന്ധർവ്വന്മാർ പാടുന്നു)

ത്രൈലോക്യകാരണമായ ഭഗവാൻ നാരായണന്നു നമസ്കാരം!

ധാതാവീശ്വരർ,നിന്മനം; ഗിരിശനോ
നിൻ ക്രോധമുമ്പക്കേഴും
നേതാവേ; രവിചന്ദ്രർ നിൻമിഴിയുഗം;
വാഗ് ദേവിനാവാണുതേ;
നീതാൻ തീർത്തിതദേവേന്ദ്രദേവകൾപെട്ടും
പാർമൂന്നു;—മിസ്സീതപൂ-
മാതാവാണു ദൃഢം; ജഗത്ത്രയപതേ,
കൈക്കൊൾക നീ കേശവൻ! ൨൭

(വീണ്ടും അണിയറയിൽ വേറെ ചിലർ പാടുന്നു.)

ഒന്നായാഴിയിലാണ്ട ഭൂവിതു ഭവാൻ
പൊക്കീ വരാഹാത്മനാ;
നന്നായ് മൂന്നടികൊണ്ടളന്നിതുലകം
മൂന്നും സുരാധീശ, നീ;
ഇന്നിദ്ദേവിയുമായ്, നിസർഗ്ഗവടിവിൽ-
പ്പോരിട്ടു പൌലസ്ത്യനെ-
ക്കൊന്നിട്ടെന്നവിധം സുരക്കെളിയി-
ല്ലാശ്വാസമന്നൊന്നുമേ! ൨൮

അഗ്നി:—ഭദ്രമുഖ, ഇതാ, ദേവദേവർഷിസിദ്ധവിദ്യാധരഗന്ധർവ്വാപ്സരോഗണങ്ങൾ അങ്ങയുടെ മഹിമ വർണ്ണിച്ചു വാഴ്ത്തുന്നു.

Digitized By Kerala Sahitya Akademi

രാമൻ:—ഞാൻ അനുഗൃഹീതനായി.

അഗ്നി:—ഭദ്രമുഖ, അങ്ങുന്ന് അഭിഷേകത്തിന്നായി ഇതി ലെ ഇതിലെ.

രാമൻ:—ഭവാന്റെ ആജ്ഞപോലെ.

(രണ്ടാപതും പോയി)

(അണിയറയിൽ)

ദേവൻ ജയിച്ചാലും! സ്വാമി ജയിച്ചാലും! ഭദ്രമുഖൻ ജയിച്ചാലും! മഹാരാജാവു ജയിച്ചാലും! രാവണാന്തകൻ ജയിച്ചാലും! ആയുഷ്മാൻ ജയിച്ചാലും!

വിഭീഷണൻ:—ഇതാ, ഇതാ, മഹാരാജാവ്

പോരിൽപ്രതിജ്ഞാബ്ധികടന്നു, പൂത-
ചാരിത്ര്യയാം ദേവിയെ നേടിവാഴ്വൂ
സ്ഫാരാഭനായ് സ്സർവ്വസുരാഭിഷിക്തൻ!
ഗൌരാംബരത്തിൽക്കളിർതിങ്കൾപോലെ. ൩൨

ലക്ഷ്മണൻ:—അമ്പോ, ജ്യേഷ്ഠന്റെ വൈഷ്ണവതേജസ്സ്.

യമവരുണകുബേരവാസവാദി-
ത്രിദശഗണാവൃതനായ് വിളങ്ങിടുന്നു
ദശരഥവചനാൽ കൃതാഭിഷേകൻ:
സുരപതിപട്ടമണിഞ്ഞ വജ്രിപോലെ. ൩൩

[പിന്നെ അഭിഷേകം കഴിഞ്ഞ രാമൻ സീതയോടുകൂടി പ്രവേശിക്കുന്നു.]

രാമൻ:—ഉണ്ണി, ലക്ഷ്മണ,

ഏതാറു കാപ്പണിയിച്ചിരുത്തി മണിമൽ-
പീഠത്തിലെന്നാകിലും,
മാതാവിൻപ്രിയവാഞ്ഛയാൽ മദഭിഷേ-
കത്തെക്ഷണാൽ നിർത്തിയോ;

Digitized By Kerala Sahitya Akademi

മീതേവിണ്ണിലിരിയ്ക്കുമാഗ്ഗുരുനൃപൻ
തന്നേ വെളിപ്പെട്ടവ-
ന്നാത്മംഗപ്രമദം കഴിച്ചിതധുനാ
പട്ടാഭിഷേകം മമ. ൩൮

അഗ്നി:—ഭദ്രമുഖ, ഇതാ, ഇന്ദ്രനിയോഗത്താൽ ഭരതശത്രുഘ്നന്മാരോടൊന്നിച്ചു പൌരജനങ്ങൾ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നു.

രാമൻ:—ഭഗവാനേ, എനിക്കു സന്തോഷമായി.

അഗ്നി:—ഇതാ, ഇന്ദ്രാദിദേവകൾ അങ്ങയെ ആശീർവ്വദിക്കുന്നു.

രാമൻ:—ഞാൻ അനുഗൃഹീതനായി.

അഗ്നി:—ഭദ്രമുഖ, അങ്ങയ്ക്കു ഞാൻ ഇനി എന്തൊരിഷ്ടമാണു ചെയ്യേണ്ടതു്?

രാമൻ:—ഭഗവാൻ പ്രസാദിച്ചുവെങ്കിൽ, എനിക്കിതിലധികം എന്തുവേണം?

39375

ഭരതവാക്യം.

വരാതിരിക്കട്ടെ ദുരാധിശോകങ്ങൾ-
ക്ക,രാതിചക്രം ലയമേററിടട്ടെ!
ചിരാൽ ഭരിക്കട്ടെ സമസ്തമാമി-
ധരാതലം നമ്മുടെ രാജസിംഹൻ! ൩൯

(എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു.

KUMARAMANDIRAM LIBRARY NO

അഭിഷേകനാടകം സമ്പൂർണ്ണം.

—(o)—

Digitized By Kerala Sahitya Akademi

# ബി. വി ബുക്കുഡിപ്പോ,—തിരുവനന്തപുരം.

| | ക. | ണ. | പ. |
|---|---|---|---|
| അക്ബർ | ൦ | ൧൪ | ൦ |
| രാമരാജാ ബഹദൂർ ൨-ഭാഗവുംകൂടിയതു് | ൨ | ൦ | ൦ |
| മാർത്താണ്ഡവർമ്മ | ൧ | ൦ | ൦ |
| സ്നേഹലത | ൧ | ൪ | ൦ |
| സൌദാമിനി | ൧ | ൦ | ൦ |
| വിവാഹതാപം | ൦ | ൪ | ൦ |
| ലോകോല്പത്തി | ൧ | ൦ | ൦ |
| (എം. രാമവർമ്മതമ്പാൻ ബി. ഏ. എൽ. ടി) | | | |
| നാലുവീരപത്നിമാർ | ൦ | ൬ | ൦ |
| കഥാരാമം | ൦ | ൧൪ | ൦ |
| (കുന്നത്തു ജനാർദ്ദനമേനോൻ) | | | |
| മലബാറി | ൦ | ൬ | ൦ |
| വിശിഷ്ടകൃത്യങ്ങൾ | ൦ | ൪ | ൦ |
| (പൊതുവാടത്തു നാരായണപിള്ള) | | | |
| യൂളിസസ്ഗ്രാൻറു് | ൦ | ൪ | ൦ |
| (ഏ. ബാലകൃഷ്ണ പിള്ള ബി.ഏ. ബി.എൽ) | | | |
| അലക്സാണ്ഡർ മഹാൻ | ൦ | ൪ | ൦ |
| തുർജിഹാൻ (നാടകം) | ൦ | ൬ | ൦ |
| (കെ. എം. പണിക്കർ എം. ഏ. ഓക്സൻ) | | | |
| ഭാരതകഥാനിരൂപണം | ൦ | ൫ | ൦ |
| (ജനാർദ്ദനമേനോൻ) | | | |
| വള്ളത്തോൾ കൃതികൾ | | | |
| സാഹിത്യമഞ്ജരി Part i | ൦ | ൧൨ | ൦ |
| Do. Part ii | ൧ | ൦ | ൦ |
| ബന്ധനസ്ഥനായഅനിരുദ്ധൻ | ൦ | ൩ | ൦ |
| ഒരു കത്തു് | ൦ | ൩ | ൦ |
| ഗണപതി | ൦ | ൩ | ൦ |
| വിലാസലതിക | ൦ | ൧൨ | ൦ |
| ശിഷ്യനും മകനും | ൦ | ൩ | ൦ |

Digitized By Kerala Sahitya Akademi